കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചാലക്കുടി നഗരസഭ
## 2017-18
## ഓഡിറ്റ് റിപ്പോർട്ട്

## തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

email: dotsr. ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ്.എ. ടി.എസ്.ആർ(എം.)864/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in

തീയതി: 10.07.2019

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചാലക്കുടി നഗരസഭ

സർ,

വിഷയം :ചാലക്കുടി നഗരസഭ -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികകളിലേക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഓഡിറ്റ് റിപ്പോർട്ട് അജണ്ടയാക്കി നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997-ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997-ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)

4) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ. ടി.എസ്.ആർ(എം.)864/2019 തീയതി. 10/07/2019

## തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ തൃശ്ശൂർ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 295(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. മുനിസിപ്പാലിറ്റി 01.04.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജഗോപാലൻ.സി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.05.2019 മുതൽ 24.05.2019 വരെ |

**ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ**

| |
|---|
| ശ്രീ.ശിവൻ.പി.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീ.ബേബി.പി.വി., ഓഡിറ്റ് ഓഫീസർ |
| ശ്രീ.പ്രശാന്ത്.ടി.ജി,<br>അസി.ഓഡിറ്റ് ഓഫീസർ (06.05.19 & 07.05.19) |
| ശ്രീ.സിജു.പി.ഡാംസൺ, |

| |
|---|
| അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജയൻ.വി.എസ്., ഓഡിറ്റർ |
| ശ്രീ.ജോയ്സൻ.സി.ജെ., ഓഡിറ്റർ (08.05.19 മുതൽ 10.05.19 വരെ) |
| ശ്രീമതി.രേഖ.ഇ.സി., ഓഡിറ്റർ (08.05.19 മുതൽ 10.05.19 വരെ) |

**(ബി) നിർവ്വഹണാധികാരികൾ**

**ചെയർപേഴ്സൺ**

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.ഉഷാ പരമേശ്വരൻ | 01.04.2017 മുതൽ 31.12.2017 വരെ |
| ശ്രീമതി.ജയന്തി പ്രവീൺകുമാർ | 01.01.2018 മുതൽ 31.03.2018 വരെ |

**സെക്രട്ടറി**

| | |
|---|---|
| യു.എസ്.സതീശൻ | 01.04.2017 മുതൽ 17.05.2017 വരെ |
| ടോബി തോമസ് | 17.05.2017 മുതൽ 31.03.2018 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| | | |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | അജിത.പി.എം | 01.04.2017 മുതൽ 02.09.2017 വരെ |
| | റാണി.എം.കെ (ഇൻ-ചാർജ്ജ്) | 03.09.2017 മുതൽ 20.09.2017 വരെ |
| | ജോജി പോൾ | 20.09.2017 മുതൽ 30.10.2017 വരെ |
| | ഗീതാകുമാരി.സി.എസ് | 31.10.2017 മുതൽ 31.03.2018 വരെ |
| ആയുർവേദ മെഡിക്കൽ ഓഫീസർ | ഡോ.ജയദീപ് | 01.04.2017 മുതൽ 20.10.2017 വരെ |
| | ഡോ.സിസി.എ.എൻ | 21.10.2017 മുതൽ 31.03.2018 വരെ |
| സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | ഡോ.എം.ജി.ശിവദാസ് | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജോഷ് കുമാർ.പി.സി. | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഷെർളി.എം.പി | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മിസ്ട്രസ് ജി.ജി.എച്ച്.എസ്. | ശാലിനി | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്. | സോഫി ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മിസ്ട്രസ്. ജി.ബി.എച്ച്.എസ് | പങ്കജവല്ലി.വി. | 01.04.2017 മുതൽ 31.03.2018 വരെ |
| യു.പി.എ. പ്രൊജക്ട് ഓഫീസർ | രവീന്ദ്രൻ.കെ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെൽത്ത് ഓഫീസർ | ദീദ കുമാരി.സി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ | അഹമ്മദ് സഗീർ. സി.എസ്. | 01.04.2017 മുതൽ 31.3.2018 വരെ |
| ഹെഡ് മിസ്ട്രസ്, ജി.എച്ച്.എസ്, വി.ആർ.പുരം | വത്സല.വി.വി | 01.04.2017 മുതൽ 31.05.2017 വരെ |
| | | |

| | | |
|---|---|---|
| | ഡെന്നി ജോസഫ് | 01.06.2017 മുതൽ 13.07.2017 വരെ |
| | ഡെയ്സി | 14.07.2017 മുതൽ 31.03.2018 വരെ |

**ഉള്ളടക്കം**



| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം 2 | |
| 13 | മാന്വൽ രശീതികളുടെ സ്റ്റോക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ | 2-1 |
| 14 | ഡി&ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ | 2-2 |
| 15 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 2-3 |
| 16 | വാടക സംബന്ധിച്ച അപാകതകൾ | 2-4 |
| 17 | പരസ്യനികുതി ഇനത്തിലെ കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-5 |
| | ഭാഗം 3 | |
| 18 | പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടു.നഗരസഭ നഷ്ടം സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതാണ് | 3-1 |
| 19 | കൈപ്പറ്റ് രസീത്,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.1,50,000 രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 20 | ജനനമരണ രജിസ്ട്രേഷൻ-1958 മുതലുള്ള ഡാറ്റാ എൻട്രി-തുക നല്കിയെങ്കിലും "സേവന" വെബ്സൈറ്റിൽ നാളിതുവരെ വിവരങ്ങൾ അപ് ലോഡ് ചെയ്തിട്ടില്ല.ചെലവ് തുക 57848 തടസ്സപ്പെടുത്തുന്നു | 3-3 |
| 21 | നഗരസഭാംഗങ്ങളും ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന സൊസൈറ്റിയുടെ ചെലവുകൾ നഗരസഭ ഫണ്ടിൽ നിന്ന് വഹിച്ചു-2109291 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-4 |
| 22 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ-രേഖകൾ ഹാജരാക്കുന്നതു വരെ 41548578 രൂപ തടസ്സപ്പടുത്തുന്നു | 3-5 |
| 23 | ചാലക്കുടി നഗരസഭ ;മാലിന്യ സംസ്കരണം -പ്രത്യേക റിപ്പോർട്ട് | 3-6 |
| 24 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നൽകൽ - | 3-7 |

| | | |
|---|---|---|
| | മാർഗ്ഗരേഖ പാലിച്ചിട്ടില്ല | |
| 25 | ആശ്രയ സേവന പാക്കേജുകൾ യഥാവിധി നടപ്പിലാക്കുന്നില്ല | 3-8 |
| 26 | ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല | 3-9 |
| 27 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത്ഫണ്ടിൽ മുതൽ കൂട്ടുന്നില്ല | 3-10 |
| 28 | വാഹനങ്ങളുടെ ലോഗ്ബുക്കുകൾ നിയമാനുസൃതം പരിപാലിക്കുന്നില്ല | 3-11 |
| 29 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 3-12 |
| 30 | കൈപ്പറ്റ് രശീത്; ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല – ചെലവ് തുക 618265/- തടസ്സപ്പെടുത്തുന്നു | 3-13 |
| 31 | വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ -മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത കാര്യത്തിന് തുക ചെലവഴിച്ചു | 3-14 |
| 32 | വിജയോത്സവം - പ്രോജക്ട് രൂപികരിക്കാതെ തനത് ഫണ്ടിൽ നിന്നും വൻതുക ചെലവഴിച്ചു | 3-15 |
| 33 | മരാമത്ത് പണികളുടെ നിർവഹണം | 3-16 |
| 34 | മരാമത്ത് പണികളുടെ നിർവഹണത്തിലെ അപാകതകൾ | 3-17 |
| 35 | ക്രിമറ്റോറിയം ചർച്ച് ലിങ്ക് റോഡ് നിർമാണം -അന്തിമബിൽ സൂക്ഷ്മപരിശോധന സാക്ഷ്യപ്പെടുത്താതെ തുക അനുവദിച്ചു | 3-18 |
| 36 | സിത്താരനഗർ കമ്മ്യൂണിറ്റിഹാൾ നിർമാണം- നിർമാണസാമഗ്രികളുടെ പരിശോധന നടത്തിയിട്ടില്ല | 3-19 |
| 37 | അംഗൻവാടി ചോർച്ച പരിഹരിക്കേണ്ടതാണ്. | 3-20 |
| | ധനകാര്യകമ്മീഷൻ ഗ്രാന്റ്-മാർഗരേഖക്ക് വിരുദ്ധമായ ചെലവുകൾ | 3-21 |
| 38 | മുറിച്ച് മാറ്റിയ മരങ്ങളുടെ ലേലനടപടികൾ അറിയിക്കേണ്ടതാണ് | 3-22 |
| 39 | കറവപ്പശുവിതരണപദ്ധതി -അപാകതകൾ | 3-23 |
| 41 | അയ്യൻകാളി തൊഴിലുറപ്പുപദ്ധതി | 3-24 |
| | ഭാഗം 4 | |
| 42 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 45 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 47 | ഓഡിറ്റ് റിക്കവറി | 4-6 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 49 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 52 | അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം | |


# ഭാഗം -1
# പൊതു അവലോകനം

# 1-1 ബജറ്റ്

2017-18 വർഷത്തെ പുതുക്കിയ ബജറ്റ് 16.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 47,61,66,246/- രൂപയും ചെലവ് 43,83,44,399/- രൂപയും ആണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 31.07.2018 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 05-04-2019 & 06-04-2019 | കെ.എസ്.എ.ടി.എസ്.ആർ (എം) – |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,48,06,108.08 |
| വരവ് | 30,12,74,827 |
| ആകെ | 33,60,80,935.08 |
| ചെലവ് | 29,09,49,913.18 |
| നീക്കിയിരിപ്പ് | 4,51,31,021.90 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 4,21,81,416 | 4,21,81,416 | 3,35,44,343 | 86,37,073 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 1,20,01,000 | 1,20,01,000 | 64,03,946 | 55,97,054 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 4,11,52,306 | 4,11,52,306 | 3,46,64,232 | 64,88,074 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 96,93,844 | 96,93,844 | 70,15,848 | 26,77,996 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ACR പ്രകാരം | | - | 5,47,22,041 | 5,47,22,041 | 54,44,47,041 | 2,75,000 |
| കെ. എൽ. എസ്.ജി. ഡി.പി (ACR പ്രകാരം) | | - | 63,45,551 | 63,45,551 | 53,10,004 | 10,35,547 |
| ദുരിതാശ്വാസ നിധി | | 2,22,540 | 22,44,833 | 4,47,633 | 4,10,976 | 36,657 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി<br>അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 27,88,428 | 27,18,875 | 5507303 | 3631492 | 18,75,811 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം | ഐ.സി.ഡി.എസ്* | 5,24,188 | 7,36,582 | 12,60,770 | 6,25,626 | 6,35,144 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| തിരിച്ച് ചേർക്കുക) | പി.എം.എ.വൈ* | 39,41,785 | 2,59,26,346 | 2,98,68,131 | 1,83,30,000 | 1,15,38,131 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | വിമുക്തി* | - | 25000 | 25000 | 25000 | 0 |
| ബി ഫണ്ട് | തൊഴിൽ രഹിത വേതനം | | 33840 | 33840 | 33840 | |
| | വാർദ്ധക്യകാല പെൻഷൻ | | 38990100 | 38990100 | 38990100 | |
| | കർഷകത്തൊഴിലാളി പെൻഷൻ | | 3446300 | 3446300 | 3446300 | |
| | അവിവാഹിത പെൻഷൻ | | 1322500 | 1322500 | 1322500 | |
| | വിധവ പെൻഷൻ | | 24579600 | 24579600 | 24579600 | |
| | വികലാംഗ പെൻഷൻ | | 4925300 | 4925300 | 4925300 | |
| | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | | 330000 | 330000 | 330000 | |
| തനത് ഫണ്ട് | സ്റ്റേറ്റ് ബാങ്ക് അക്കൗണ്ട് | 10442365 | 131473565 | 141915934 | 135391002 | 6524933 |
| | STSB | 10312600 | 37589761 | 47902361 | 40141241 | 7761120 |

* ഐ.സി.ഡി.എസ്., പി.എം.എ.വൈ., വിമുക്തി എന്നിവയുടെ കണക്കുകളിൽ നഗരസഭ തന്ന വിവരങ്ങളാണ് ചേർത്തിരിക്കുന്നത്. ഈ ഫണ്ടുകൾക്ക് ACR സൂക്ഷിച്ചിട്ടില്ല. ഏത് ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നതെന്നും വ്യക്തമല്ല.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 325 | 269188992 | 150 | 142501197 | 167 | 8 | 46.15 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ആകെ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2788427.50 | 95758 (പലിശ) | 2884185.50 | 683114 | 1875810.50 |
| തൊഴിലാളികളുടെ കൂലി | | 2623117 | 2623117 | 2948378 | |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33840 | 41 |
| കർഷകതൊഴിലാളി പെൻഷൻ | 3446300 | 296 |
| വിധവാപെൻഷൻ | 24579600 | 2152 |
| വാർദ്ധക്യകാലപെൻഷൻ | 38990100 | 3460 |
| വികലാംഗപെൻഷൻ | 4925300 | 444 |
| അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞവർക്കുള്ള പെൻഷൻ | 1322500 | 126 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 330000 | 11 |

| ധനസഹായം | | |
|---|---|---|

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.05.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ രൂപ 35,158/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ബജറ്റിംഗ് കാര്യക്ഷമമല്ല. സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിലേക്കുള്ള സുപ്രധാനമായ സംവിധാനമാണ് ബജറ്റ്. എന്നാൽ ഇത് തയ്യാറാക്കുന്നതിന് നിയമാനുസൃതവും ശാസ്ത്രീയവുമായ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. ബജറ്റ് വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ അന്തരം ഉണ്ട്. പദ്ധതി ആസൂത്രണ നിർവ്വഹണങ്ങളിലും, വ്യക്തമായ ഓഫീസ് ഉത്തരവുകൾ വഴി ഉദ്യോഗസ്ഥരുടെ ചുമതല, നിർവ്വഹണം ക്ലിപ്തപ്പെടുത്തുന്നതിലും ഭരണസമിതിയിലും സ്ഥിരം സമിതികളിലും പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത വിശകലന വിധേയമാക്കുന്നതിലും മോണിറ്ററിങ്ങ് ഫലപ്രദമാക്കുന്നതിലും പ്രകടമായ പിന്നോക്കാവസ്ഥ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

# 1-11 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന

2017-18 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രികയുടെ സൂക്ഷ്മ പരിശോധനയും നടത്തുകയുണ്ടായി. (പരിശോധനാ സാക്ഷ്യപത്രം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്). പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ഇക്വിറ്റി ഷെയേഴ്സ് ആയി ഇൻവെസ്റ്റ്മെന്റിൽ 607700/- രൂപ ഉണ്ട്. (31.03.18-ലെ ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ B-12 പ്രകാരം). എന്നാൽ 5 ലക്ഷം രൂപയുടെ നിക്ഷേപ വിവരങ്ങൾ മാത്രമേ പരിശോധനക്ക് ഹാജരാക്കാനായിട്ടുള്ളൂ.
2. ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധനക്ക് ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.
3. കൃത്യമായ വൗച്ചറുകളോ, വിശദീകരണമോ ഇല്ലാതെ താഴെ ചേർക്കും പ്രകാരമുള്ള തുക “prior period item”വരവായും ചിലവായും കാണിച്ചിരിക്കുന്നു.
4. ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരം തൻവർഷത്തെ കളക്ഷൻ 1370838/- രൂപയാണ്. എന്നാൽ എ.എഫ്.എസ്. പ്രകാരം 13,85,599. വ്യത്യാസം വിശദീകരിക്കാനായില്ല. ഡി ആന്റ് ഒ കളക്ഷന്റെ പകുതിയോളം മാത്രം ഡിമാന്റ് ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഡി ആന്റ് ഒ അഡ്വാൻസ് കളക്ഷൻ as on 31.03.2017 – 17,98,896
17-18-ലെ കളക്ഷൻ – 4,39,165 (current)
- 18,440 (Arrear)
- --------------
- 4,57,605
ആകെ കളക്ഷൻ – 22,56,501
17-18 വർഷത്തെ ഡിമാന്റ് –13,72,838

5. ബാലൻസ് ഷീറ്റിൽ B18 ഷെഡ്യൂളിൽ ഉൾപ്പെടുന്ന പതിനഞ്ച് ഇനങ്ങൾക്കും രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
6. ബാലൻസ് ഷീറ്റിൽ B14 ഷെഡ്യൂൾ പ്രകാരം സ്റ്റോറിന്റെ ക്ലോസിങ്ങ് സ്റ്റോക്ക് 10,74,650/- രൂപയാണ്. സ്റ്റോറിന്റെ സ്റ്റോക്ക് ഹാജരാക്കിയിട്ടില്ല.
7. 2017-18-ലെ പരസ്യ നികുതി വരവിന് ഡിമാന്റ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.
8. ടി.ഡി.സി. ബാങ്ക് അക്കൗണ്ട് നം.1 31/03/2015-ന് ശേഷം പാസ്സ് ബുക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല.
9. താഴെ ചേർക്കുന്ന അക്കൗണ്ടുകളുടെ റീകൺസീലിയേഷൻ നടത്തിയ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

a. SBT കറന്റ് അക്കൗണ്ട് 57069043986
b. SBT ഓൺ ഫണ്ട് 67195701595
c. ട്രഷറി പി.ഡി. അക്കൗണ്ട് A/c. 1099
d. AUEGS ബാങ്ക് ഓഫ് ബറോഡ നം. 342601000090

10. ഡിപ്രീസിയേഷൻ വർക്ക് ഷീറ്റുകൾ പ്രത്യേകം തയ്യാറാക്കിയിട്ടില്ല.
11. 31.03.2018-ലെ ക്യാഷ് ഓപ്പണിങ്ങ് ബാലൻസ് 183207/- രൂപ ക്രെഡിറ്റ് ബാലൻസായി ചേർത്തിരിക്കുന്നു.
12. വസ്തു നികുതി

- --------------
a) 17-18 വർഷത്തെ ഡിമാന്റ് – 34184910
തൻവർഷത്തെ കളക്ഷൻ – 26006607
- --------------
- balance 8178303
AFS പ്രകാരമുള്ള ബാലൻസ് L.C. ഒഴികെ – 3964424
31.03.2017 പ്രകാരമുള്ള പരമാവധി അഡ്വാൻസ് -660293

ആകെ 81,78,303/- രൂപ ബാലൻസ് വരേണ്ടിടത്ത് 39,64,424/- രൂപ മാത്രമാണ് ബാലൻസ് ഷീറ്റിൽ ഉള്ളത്. ഇതിനോടൊപ്പം 16-17-ലെ ബാലൻസ് ഷീറ്റ് പ്രകാരം മുഴവൻ അഡ്വാൻസ് 6,60,293/- കൂട്ടിയാൽത്തന്നെ 46,24,717/- രൂപയെ വരുന്നുള്ളൂ. ബാക്കി 35,53,586/- രൂപ

ബാലൻസ് എവിടേയും കാണിച്ചിട്ടില്ല.

b. 31.03.2017 പ്രകാരമുള്ള കുടിശ്ശിക -ve തുകയായി കാണിച്ചിരിക്കുന്നു.

# 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.04.2015 മുതൽ 25.04.2015 വരെ | 2012-13 മുതൽ 2014-15 വരെ | 08.01.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.08.2017 മുതൽ 28.09.2017 വരെ | 2015-16 മുതൽ 2016-17 വരെ | 08.02.2018 |

# <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 2-1 മാനവൽ രശീതുകളുടെ സ്റ്റോക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ

നഗരസഭയിലെ മാന്വൽ രശീതുകൾ വളരെ ലാഘവത്തോടെയാണ് ഉപയോഗിക്കുന്നതെന്ന് പരിശോധനയിൽ കണ്ടു. വിവരം ചുവടെ കൊടുക്കുന്നു.

1. 23/3/17മുതൽ നാളിതുവരെ സ്റ്റോക്കിൽ നീക്കിബാക്കി രേഖപ്പെടുത്തിയിട്ടില്ല.

22/2/16 ന് 300 രശീതുബുക്കുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ട് (നം.326 മുതൽ625 വരെ). അതിനുശേഷം നാളിതുവരെ രശീതുബുക്കുകൾ സ്റ്റോക്കിലെടുക്കാതെയാണ് പണം ശേഖരിക്കുന്ന ഉദ്യോഗസ്ഥർക്ക് വിതരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്രകാരം 22/5/17ലെ 626നം. രശീതുബുക്ക് മുതൽ 17/3/18ലെ 825നം. രശീതുബുക്ക് വരെ അനുവദിച്ചു. തുടർന്ന് 19/3/18 മുതൽ നാളിതുവരെ 263 രശീതുബുക്കുകൾ അനുവദിച്ചിട്ടുണ്ട്.

നഗരസഭാ സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതികപരിശോധനയിൽ 264 മുതൽ 1000 വരെ നമ്പറിലുള്ള രശീതുബുക്കുകൾ നീക്കിബാക്കിയുള്ളതായി കണ്ടു (1മുതൽ 1000 വരെയുള്ള രശീതുബുക്കുകൾ വാങ്ങിയതിന്റെ ഫയൽ ഓഡിറ്റ് സമയത്ത് ഹാജരാക്കി).

രശീതുബുക്കുകളുടെ വാങ്ങൽ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ പേജ് 104ൽ രേഖപ്പെടുത്തിയപ്രകാരം (വാങ്ങൽ സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ രേഖപ്പെടുത്തൽ) G3-10229/09നം. ഫയൽ പ്രകാരം ബിൽ നം.1705/8/10/14 ആയി മെസ്സേഴ്സ് അൽഫോൺസ മെമ്മോറിയൽ പ്രസ്സ്, ആലപ്പുഴ എന്ന സ്ഥാപനത്തിൽനിന്ന് 26959 രൂപക്ക് രശീതുബുക്കുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ എത്ര രശീതുബുക്കുകളാണ് വാങ്ങിയതെന്ന വിവരം ചേർത്തിട്ടില്ല. ഈ ഫയൽ ലഭ്യമാക്കാനാവശ്യപ്പെട്ടും അപാകതകൾ സംബന്ധിച്ചും ഓഡിറ്റ് അന്വേഷണം നം. 11/14/5/19 നൽകിയെങ്കിലും ഫയൽ ലഭ്യമാക്കുകയോ അപാകതകൾക്ക് വിശദീകരണം നൽകുകയോ ചെയ്തിട്ടില്ല.

രശീതുബുക്കുകളുടെ സ്റ്റോക്ക് ആധികാരികവും കുറ്റമറ്റ രീതിയിലും സൂക്ഷിക്കാൻ എത്രയും വേഗം നടപടികൾ കൈകൊള്ളേണ്ടതാണ്.

# 2-2 ഡി&ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ

1) നഗരസഭയിലെ 36 വാർഡുകളിലായി 2500 ൽപ്പരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഡി & ഒ രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. എന്നാൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2) ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ നമ്പർ ഇട്ട് ക്രമത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അപേക്ഷകൾ ക്രമബദ്ധമായി പരിശോധിക്കുന്നതിനോ അപാകതകൾ മനസ്സിലാക്കുന്നതിനോ സാധിച്ചിട്ടില്ല.
3) നഗരസഭയുടെ കെട്ടിടങ്ങളിലെ മുറികൾ വാടകക്ക് എടുത്ത അനവധി വ്യക്തികൾ ഡി&ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല. ആയതിനാൽ ലൈസൻസ് ഫീസിനോടൊപ്പം തൊഴിൽ നികുതിയും നഷ്ടമാകുന്നതിന് ഇടയാകുന്നു.

ഫീൽഡ് പരിശോധന നടത്തി നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകി നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതുമാണ്.

# 2-3 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അടവാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | നീതി മെഡിക്കൽ സ്റ്റോർ, എലിഞ്ഞിപ്ര സർവ്വീസ് സഹകരണ ബാങ്ക് | I & II |
| 2 | കല്ലേലി ഫ്യൂവൽസ് | I |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 3 | ചാലക്കുടി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് | I & II |
| 4 | കിങ്സ് ഫർണീച്ചർ കമ്പനി, ചാലക്കുടി | I & II |
| 5 | ഹോട്ടൽ ലൂസിയ ഡ്രൈവ് ഇൻ റസ്റ്റോറന്റ് | I & II |
| 6 | ചാലക്കുടി വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I & II |
| 7 | JEL ട്രേഡിംഗ് LLP | I |
| 8 | ശ്രീലക്ഷ്മി ടെക്സ്റ്റയിൽസ് | I |
| 9 | ചാലക്കുടി മെറ്റൽ ട്രേഡേഴ്സ് | I |
| 10 | പീസീ ഹാർഡ്‌വെയർ | I & II |
| 11 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | I |
| 12 | മാനേജർ, റെയ്ഡ്കോ | I |
| 13 | മാവേലി സ്റ്റോർ | I |
| 14 | മലയാള മനോരമ ഓഫീസ് | I & II |
| 15 | സൂര്യ സൂപ്പർ ബസാർ | I |
| 16 | കേരള ഖാദി ഗ്രാമോദ്യോഗ് ഭവൻ | I & II |
| 17 | ഓറിയന്റൽ ബാങ്ക് ഓഫ് കോമേഴ്സ് | II |
| 18 | ചാലക്കുടി ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്ക് | I |
| 19 | ചാലക്കുടി റീജ്യണൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I & II |
| 20 | കോമേഴ്സ് അക്കാദമി | I & II |
| 21 | സ്റ്റാർ ഹെൽത്ത് & അലൈഡ് ഇൻഷൂറൻസ് | I |
| 22 | ഹാൻവീവ് | I |
| 23 | ഹാൻടെക്സ് | I |
| 24 | നിർമ്മല കോളേജ് | I & II |
| 25 | കേരള പെർമനന്റ് ബെനിഫിറ്റ് ഫണ്ട് | I & II |
| 26 | ശാലോം ഹോസ്പിറ്റൽ | I & II |
| 27 | എസ്.ബി.ഐ (എ.ഡി.ബി) | I & II |
| 28 | മുത്തൂറ്റ് മൈക്രോ ഫിൻ ലിമിറ്റഡ് | I |
| 29 | ഇരിങ്ങാലക്കുട കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ബാങ്ക് | I & II |
| 30 | U.A.E എക്സ്ചേഞ്ച് ലിമിറ്റഡ് | I |
| 31 | അഗ്രോ ഇൻഡസ് ഫിനാൻസ് & ലീസിങ്ങ് ഇന്ത്യ ലിമിറ്റഡ് | II |
| 32 | എസ്.ബി.ഐ ലൈഫ് ഇൻഷൂറൻസ് | I |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നമ്പർ 29/23/5/19)ത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 2-4 വാടക സംബന്ധിച്ച അപാകതകൾ.

2017-18 സാമ്പത്തിക വർഷത്തെ വാടക വരവ് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) മാർക്കറ്റ് ബിൽഡിംഗ്, ടൗൺ ഹാൾ, സൗത്ത് & നോർത്ത് ബസ് സ്റ്റാന്റ്, ജൂബിലി ബിൽഡിംഗ്, പോട്ട മിനി മാർക്കറ്റ് എന്നിവിടങ്ങളിലായി നഗരസഭയുടെ ഉടമസ്ഥതയിലുള്ള മൊത്തം 509 മുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നതായി ഓഡിറ്റ് അന്വേഷണം നം. 16/17.05.19 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ കേരള മുനിസിപ്പാലിറ്റി നിയമം, 1994 വകുപ്പ് 567(34), വകുപ്പ് 215(2) എന്നിവ നിഷ്കർഷിക്കും വിധമുള്ള വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടില്ല. കൗൺസിൽ തീരുമാനപ്രകാരമാണ് മുറികൾ ലേലം ചെയ്യുന്നത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. മുറികളുടെ ലേലം നടത്തുന്നതിനും വാടക, ഡെപ്പോസിറ്റ്, വാടക വർദ്ധനവ്, മുറികളുടെ കൈമാറ്റം, വാടകക്കാരനിൽ നിന്നും മുറി തിരികെ കൈവശപ്പെടുത്തൽ എന്നിങ്ങനെയുള്ള വിശദമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള

ബൈലോ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) വാടക കുടിശ്ശിക വരുത്തിയിരിക്കുന്നവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | കുടിശ്ശിക കാലയളവ് | പ്രതിമാസ വാടക | തുക (3/2018 വരെ) |
|---|---|---|---|---|---|
| 1 | D25 | ഷാലി ജോസ്, പായപ്പൻ വീട് | 6/2016 മുതൽ | 1394 | 26,486 |
| 2 | XX/659B (1) | കെ.ബി.ഷിബു, കാട്ടുങ്ങ വീട് | 8/2017 മുതൽ | 3900 | 31,200 |
| 3 | THSF-72 | ശശികല, പോട്ടപറമ്പിൽ വീട് | 7/2017 മുതൽ | 2426 | 21,834 |
| 4 | II/504(17) | ലിജോ ജോർജ്ജ്, കോക്കാടൻ വീട് | 5/2017 മുതൽ | 525 | 5,250 |

നാളിതുവരെയായും വാടക കുടിശ്ശിക ഈടാക്കുകയോ വാടകക്കാരനിൽ നിന്നും തിരികെ മുറി കൈവശപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തു കാണുന്നില്ല.

3) 7 മുറികൾ ഒഴിഞ്ഞ് കിടക്കുന്നതായി വാടക രജിസ്റ്റർ പ്രകാരം കാണുന്നു. ആയത് ലേലം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബൈലോ തയ്യാറാക്കി വാടകയിൽ കാലികമായ വർദ്ധനവ് വരുത്തുകയും കുടിശ്ശിക ഈടാക്കുകയും കുടിശ്ശികക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ഒഴിഞ്ഞ് കിടക്കുന്ന മുറികൾ ലേലം നടത്തുകയും ചെയ്യേണ്ടതാണ്.

# 2-5 പരസ്യനികുതി ഇനത്തിലെ കുടിശ്ശിക ഈടാക്കിയിട്ടില്ല

വാർഷിക ധനകാര്യ പത്രിക, ഡി.സി.ബി എന്നിവ പ്രകാരം പരസ്യ നികുതി ഇനത്തിൽ 29,485/- രൂപ കുടിശ്ശിക ഉള്ളതായി കാണുന്നു. ഈ തുക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടു.നഗരസഭ നഷ്ടം സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതാണ്.

**3.1.1 മെഡിക്കൽ ഓഫീസർ ,താലൂക്ക് ഹോസ്പിറ്റൽ**

താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് വിവരങ്ങൾ ("സുലേഖ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ പ്രകാരം) താഴെ ചേർത്തിരിക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | തുക |
|---|---|---|
| 1 | 281/18 – അനുഗ്രഹ സദനിലെ അന്തേവാസികൾക്ക് മരുന്ന് | 0 |
| 2 | 282/18- പാലിയേറ്റീവ് കെയർ, മരുന്ന് വാങ്ങലും | 282377 |
| 3 | 283/18-ജീവിതശൈലീ രോഗ നിയന്ത്രണവും മരുന്ന് വാങ്ങലും | 100000 |
| 4 | 284/18-വൃക്കരോഗികൾക്ക് സൗജന്യ ഡയാലിസിസ് | 800000 |
| 5 | 285/18-അർബൻ ഹെൽത്ത് സെന്റർ-മരുന്ന് വാങ്ങൽ | 106074 |
| 6 | 286/18-താലൂക്ക് ആശുപത്രി മരുന്നും ഉപകരണങ്ങളും | 174812 |
| 7 | 360/18-താലൂക്ക് ആശുപത്രി -സി.ടി. സ്കാൻ പ്രവർത്തന ക്ഷമമാക്കൽ | 800000 |
| 8 | 360/18-താലൂക്ക് ആശുപത്രി അനുബന്ധ സൗകര്യങ്ങൾ | 785000 |
| | ആകെ | 3048263 |

2018 ലെ പ്രളയത്തിൽ രേഖകളെല്ലാം നഷ്ടപ്പെട്ടതായി അറിയിച്ച് കൊണ്ട് ഗവ.സെക്രട്ടറിക്ക് ആശുപത്രി സൂപ്രണ്ട് അയച്ച സി 47/2018 തീ 22.09.2018 നമ്പർ കത്ത് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്.രേഖകൾ നഷ്ടപ്പെട്ടതായി നഗരസഭക്ക് കത്ത് നല്കിയതായോ നഗരസഭ അത് അംഗീകരിച്ചതായോ കാണുന്നില്ല.മേൽ വിഷയം നഗരസഭ അംഗീകരിച്ച് തീരുമാനം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3.1.2.മെഡിക്കൽ ഓഫീസർ ,ആയുർവദം**

"സുലേഖ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ നം. | പ്രോജക്ട് | തുക |
|---|---|---|
| 1 | 299/18-ആയുർവേദ ആശുപത്രിക്ക് മരുന്നും ഉപകരണങ്ങളും | 600000 |

മേൽ പ്രോജക്ടിന്റെ ചെലവ് രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു പോയതായി നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റിന് കത്ത് നൽകിയിട്ടുണ്ട്. രേഖകൾ നഷ്ടപ്പെട്ടതായി നഗരസഭക്ക് കത്ത് നല്കിയതായോ നഗരസഭ അത് അംഗീകരിച്ചതായോ കാണുന്നില്ല.മേൽ വിഷയം നഗരസഭ അംഗീകരിച്ച് തീരുമാനം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 6,7 തീ 13/5/2019)

# 3-2 കൈപ്പറ്റ് രസീത്,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.1,50,000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം – ഹെൽത്ത് ഓഫീസർ

തൃശ്ശൂർ ജില്ലാപഞ്ചായത്തിലേക്ക് സംയുക്ത പ്രോജക്ടുകൾക്കായി നൽകിയ താഴെ ചേർത്തിരിക്കുന്ന തുകകൾക്ക് കൈപ്പറ്റ് രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ട് | ഫയൽ നമ്പർ | തുക | ട്രഷറി ബിൽ നമ്പർ | ട്രഷറിയിൽ നിന്ന് ബിൽ പാസ്സാക്കിയ തീയ്യതി | തുക ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് നല്കിയ കത്ത് നമ്പർ |
|---|---|---|---|---|---|---|---|
| 1. | എസ് ഒ 291/18 | ഐ.എം.എ. ബ്ലഡ് ബാങ്ക്-മുനിസിപ്പാലിറ്റി വിഹിതം | H2-12940/17 | 1,00,000 | 2-B.66 /22.8.17 | 24/8/17 | DPTA4/1843/15 തീ 21/8/17 |
| 2. | എസ് ഒ 287/18 | ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ | H2-12942/17 | 50,000 | 1-B.65/ 22.08.2017 | 24/8/17 | ടി |
| | | | | 1,50,000 | | | |

മേൽ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതും തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രവും ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതു വരെ ചെലവ് തുക 1,50,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 4, തീയതി 13.05.2019 )

# 3-3 ജനനമരണ രജിസ്ട്രേഷൻ-1958 മുതലുള്ള ഡാറ്റാ എൻട്രി-തുക നല്കിയെങ്കിലും "സേവന" വെബ്സൈറ്റിൽ നാളിതുവരെ വിവരങ്ങൾ അപ് ലോഡ് ചെയ്തിട്ടില്ല.ചെലവ് തുക 57848 തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - എസ് ഒ .163/18 പി ഡി ഇ ഡാറ്റാ എൻട്രി

ഫയൽ H2-12939/17

നിർവ്വഹണം- ഹെൽത്ത് ഓഫീസർ

പഴയ ജനനമരണ രജിസ്ട്രേഷൻ രജിസ്റ്ററിലെ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തുന്നതിനും ഡി&ഒ, തൊഴിൽ നികുതി എന്നിവയുടെ നിലവിലെ ഡാറ്റാ, സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിനും ചാലക്കുടിയിലെ കുടുംബശ്രീ കമ്പ്യൂട്ടർ സെന്ററിന് മേൽ പ്രോജക്റ്റ് പ്രകാരം വികസനഫണ്ടിൽ നിന്നും 2017-18 വർഷത്തിൽ 56795 രൂപ നൽകിയിട്ടുണ്ട്. ജനന മരണ രജിസ്ട്രേഷൻ ഡാറ്റാ എൻട്രി വെരിഫൈ ചെയ്ത ഇനത്തിൽ ശ്രീമതി ഷീല.ഇ.എഫ്. (ജെ.പി.എച്ച്.എൻ.) ന് 1053 രൂപയും അനുവദിച്ചിട്ടുണ്ട്. ഡാറ്റാ എന്ട്രി നടത്തിയതിന്റെയും ആയതിന്റെ തുക കണക്കാക്കി നൽകിയതിന്റെയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഏതു വർഷത്തെ ഡാറ്റാ എൻട്രി എന്ന് | എണ്ണം | നിരക്ക് | ആകെ | ട്രഷറി ബിൽ നമ്പർ | ക്യാഷ് ചെയ് ത തീയ്യതി | തുക |
|---|---|---|---|---|---|---|---|
| ജനനം | 1958 | 777 | 7.50 | 7567.50 | 9 B no 252/20.03.2018 | 22.03.2018 | **57848** |
| | 1976 | 232 | | | | | |
| | **ആകെ** | **1009** | | | | | |
| മരണം | 1958 | 187 | 7.50 | 8227.50 | | | |
| | 1959 | 120 | | | | | |
| | 1960 | 124 | | | | | |
| | 1961 | 152 | | | | | |
| | 1962 | 70 | | | | | |
| | 1963 | 25 | | | | | |
| | 1964 | 53 | | | | | |
| | 1965 | 72 | | | | | |
| | 1966 | 34 | | | | | |
| | 1967 | 69 | | | | | |
| | 1968 | 119 | | | | | |
| | 1969 | 72 | | | | | |
| | **ആകെ** | **1097** | | | | | |
| ഡി & ഒ | വിവരം ലഭ്യമല്ല | 2600 | 10 | 26000 | | | |
| തൊഴിൽ നികുതി ട്രേഡേഴ്സ് | വിവരം ലഭ്യമല്ല | 3000 | 5 | 15000 | | | |
| **ആകെ കുടുംബശ്രീ യൂണിറ്റിന് ഡാറ്റാ എൻട്രിക്ക് നൽകിയത്** | | | | **56795** | | | |
| **ഡാറ്റാ വെരിഫിക്കേഷന് ശ്രീമതി ഷീല ഇ എഫ് (ജെ പി എച്ച് എൻ) ന് നൽകിയത്** | | | | **1053** | | | |
| **ഒട്ടാകെ** | | | | **57848** | | | |

***3.3.1*** ഈ പ്രോജക്റ്റ് 2015-16 മുതൽ നടപ്പാക്കുന്ന പ്രോജക്റ്റിന്റെ തുടർച്ചയായുള്ള സ്പിൽ ഓവർ പ്രോജക്റ്റ് ആണെന്ന് കാണുന്നു.(ഫയൽ H2-15205/16). ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2.3.2017 ലെ 3 നമ്പർ തീരുമാനം പ്രകാരമാണ് ജനന മരണ രജിസ്ട്രേഷനിലെ പഴയ ഡാറ്റാ എൻട്രിക്കുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നത്. നിരക്ക് താഴെ ചേർക്കുന്ന പ്രകാരമാണ്.

| ഇനം | നിരക്ക് (ഒരു ഡാറ്റക്ക്) |
|---|---|
| Pre processing | 0.20 |
| Data entry | 4.50 |
| Online verification | 1.00 |
| Correction | 0.30 |
| ആകെ | 6.00 |

3.3.2 പഴയ ജനനമരണ രജിസ്ട്രേഷൻ രജിസ്റ്ററിലെ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തുന്നതിനാണ് ക്വട്ടേഷൻ അംഗീകരിച്ചിട്ടുള്ളതും കരാറിൽ ഏർപ്പെട്ടതും എന്നിരിക്കേ ക്വട്ടേഷനിലോ കരാറിലോ ഉൾപ്പെടാത്ത ഡി&ഒ, തൊഴിൽ നികുതി എന്നിവയുടെ നിലവിലെ ഡാറ്റാ, സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിന് യഥാക്രമം 10 രൂപ, 5 രൂപ എന്ന് നിശ്ചയിച്ച് തുക നല്കിയതിന് കാരണം വിശദീകരിക്കേണ്ടതാണ്.

3.3.3 ഡി&ഒ ,തൊഴിൽ നികുതി എന്നിവയുടെ നിലവിലെ ഡാറ്റാ സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തതത് ഏത് കാലയളവ് വരെ പൂർത്തീകരിച്ചുവെന്ന വിവരങ്ങൾ ലഭ്യമല്ല.

3.3.4 2017-18 ൽ 1959 മുതലുള്ള ജനന മരണ രജിസ്ട്രേഷൻ ഡാറ്റാ പൂർത്തിയാക്കിയതായി ഐ കെ എം ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കുടുംബശ്രീ കമ്പ്യൂട്ടേഴ്സിന് തുക നൽകിയിട്ടുള്ളത്. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കപ്പെടുന്നത് സേവന സിവിൽ രജിസ്ട്രേഷൻ വെബ്സൈറ്റിൽ മേൽ ഡാറ്റ അപ് ലോഡ് ചെയ്യപ്പെടുകയും ആയത് പൊതു ജനങ്ങൾക്ക് ജനനതീയ്യതിയും മറ്റ് അവശ്യവിവരങ്ങളും പ്രദാനം ചെയ്താൽ സാക്ഷ്യപത്രം വെബ്സൈറ്റിൽ നിന്ന് ലഭ്യമാകുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുമ്പോഴും മാത്രമാണ്. എന്നാൽ മേൽ വെബ്സൈറ്റിൽ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 1971 മുതലുള്ള ജനന മരണ രജിസ്ട്രേഷൻ സാക്ഷ്യപത്രമേ നിലവിൽ ലഭ്യമാകുന്നുള്ളൂ. 1959 മുതലുള്ള പൂർത്തീകരിച്ച ഡാറ്റാ എൻട്രി വെബ്സൈറ്റിലേക്ക് നാളിതുവരെ അപ് ലോഡ്ചെയ്തിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. 2016-17 ലും ഇപ്രകാരം 1971 മുമ്പുള്ള പഴയ ഡാറ്റാ എൻട്രി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തുക നൽകിയിരുന്നു. തുക നൽകി മാസങ്ങൾ കഴിഞ്ഞെങ്കിലും വിവരങ്ങളൊന്നും വെബ്സൈറ്റിൽ ലഭ്യമല്ല എന്നാണ് കാണുന്നത്. ഇതിൽ നിന്നും പ്രവൃത്തി പൂർത്തീകരിച്ചുവെന്ന സാക്ഷ്യപത്രം ശരിയായിരുന്നില്ല എന്നും തുക നൽകുന്നതിന് മുമ്പ് വ്യക്തമായ പരിശോധന നടത്തുന്ന രീതിയിൽ ആഭ്യന്തര നിയന്ത്രണം നഗരസഭയിൽ നിലവിലില്ല എന്നും വ്യക്തമാണ്. (ഓഡിറ്റ് എൻക്വയറി 4 തീ 13/5/2019)

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതുവരെയും വിവരങ്ങൾ ലഭ്യമാക്കുന്നതുവരെയും ചെലവ് തുകയായ 57848 രൂപ തടസ്സപ്പെടുത്തുന്നു.

# 3-4 നഗരസഭാംഗങ്ങളും ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന സൊസൈറ്റിയുടെ ചെലവുകൾ നഗരസഭ ഫണ്ടിൽ നിന്ന് ചെലവഴിച്ചു-2109291 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഫയൽ -H2/15218/17**

**ഫയൽ -H4/55/02**

**പ്രോജക്ട് എസ് ഒ 20/18- ഖരമാലിന്യപ്ലാന്റ് പ്രവർത്തനവും പരിപാലനവും**

| ക്രമ നം. | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ബിൽ തുകയിൽ മുനിസിപ്പാലിറ്റി ഫണ്ടിലേക്ക് റീ ക്ലൂപ്പ് ചെയ്ത തുക | 723....02 STSB അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തിയ്യതി | റീക്ലൂപ്പ് ചെയ്ത തുകയുടെ വിവരങ്ങൾ | വൗച്ചർ നമ്പർ, തീയ്യതി | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|---|---|---|---|
| 1. | 3/B no 84/11.09.2017 | 23.09.2017 | 721695 | 721695 | 23.09.2017 | ഏപ്രിൽ 17-118036<br>മെയ്-17-139134<br>ജൂൺ-17-144300<br>ജൂലൈ 17-134852<br>ആഗസ്റ്റ്17-185373<br>**ആകെ -721695** | 21700692, 11/9/2017 | "251202601-Sanitation & waste Managent - Public-General" |
| 2 | 5/B no | 11.01.2018 | 657924 | 657924 | 11.01.2018 | ആഗസ്റ്റ്17 | 21700870, | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 149/05.01.2018 | | | | | (ബാക്കി)-26119<br>സെപ്റ്റംബർ 17-139415<br>ഒക്ടോബർ 17-136635<br>നവംബർ 17-178800<br>ഡിസംബർ 17-176955<br>**ആകെ -657924** | 05/01/2018 | |
| 3. | 11/B no 254/20.03.2018 | 22.03.2018 | 549387 | 520197 | 22.03.2018 | *ജനവരി18-195110<br>*ഫെബ്രുവരി 18-160652<br>*മാലിന്യം നീക്കം ചെയ്ത വകയിൽ കുടുംബശ്രീ പ്രവർത്തകർക്ക് കൂലി -26,600<br>*മാർച്ച് (20.03.2018 വരെ)-137835 (10/4/2018 ൽ മാത്രമാണ് വിതരണം ചെയ്യുന്നത്)<br>**ആകെ -520197** | 21700709, 20/03/2018 | |
| 4 | 13/B no 321/28.03.2018 | 31.03.2018 | 180285 | 51585 | 31.03.2018 | 21.03.2018 മുതൽ 31.03.2018 വരെ -51,585 (10/4/2018 ൽ മാത്രമാണ് വിതരണം ചെയ്യുന്നത്) | 21702113, 28/03/2018 | |
| | | | **2109291** | **1951401** | | | | |

**<u>3.4.1 നഗരസഭ അംഗങ്ങളും ഉദ്യോഗസ്ഥരും അംഗങ്ങളായുള്ള സൊസൈറ്റിയുടെ ചെലവ് നഗരസഭ വഹിക്കുന്നു.</u>**

മേൽ പ്രകാരം ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ ആവർത്തന ചെലവുകൾക്കായാണ് 2017-18 ൽ 2109291 രൂപ ചെലവഴിച്ചിരിക്കുന്നത്. എന്നാൽ മാലിന്യസംസ്കരണ പ്ലാന്റ് നടത്തുന്നത് മുനിസിപ്പൽ സാനിറ്ററി സൊസൈറ്റി എന്ന സ്ഥാപനമാണെന്ന് കാണുന്നു. 2002 മുതൽ ഇപ്രകാരം സൊസൈറ്റിയുടെ ചെലവുകൾ നഗരസഭ വഹിച്ചുവരുന്നതായി കാണുന്നു. സൊസൈറ്റിയുടെ മാലിന്യസംസ്കരണ പ്ലാന്റിൽ നിന്നും വളം വിറ്റുകിട്ടുന്ന തുക കുറച്ച് ബാക്കിയുള്ള ശമ്പള ചെലവ് ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾ മുനിസിപ്പാലിറ്റി ഫണ്ടിൽ നിന്നും വഹിക്കുന്നതായി കാണുന്നു.

ചാലക്കുടി സാനിറ്റേഷൻ സൊസൈറ്റിയുടെ ബൈലോ പ്രകാരം മുനിസിപ്പൽ ചെയർമാൻ,വൈസ് ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ(3), മറ്റ് കൗൺസിലർമാർ (24), മുനിസിപ്പൽ സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ, ഹെൽത്ത് ഓഫീസർ, താലൂക്ക് ആശുപത്രി സൂപ്രണ്ട് എന്നിവർ സൊസൈറ്റിയിൽ എക്സ് ഒഫീഷ്യോ അംഗങ്ങളാണ്. മുനിസിപ്പൽ സെക്രട്ടറി ഈ സൊസൈറ്റിയുടെ എക്സ് ഒഫിഷ്യോ ട്രഷറർ ആണ്. നഗരസഭ അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ എക്സ് ഒഫീഷ്യോ അംഗങ്ങളായി, നഗരസഭയുടെ അനിവാര്യചുമതലകൾ നിറവേറ്റുന്നതിന് മറ്റൊരു സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് നിയമപരമായ പിന്തുണ ഇല്ലാത്തതാണ്. ആയതിനാൽ സൊസൈറ്റിക്ക് വാർഡ് സഭകളോട് നിയമപരമായ ബാധ്യത ഇല്ല.

നഗരസഭ ചെയർമാൻ,വൈസ് ചെയർമാൻ ഉൾപ്പെടെയുള്ള നഗരസഭ അംഗങ്ങൾ, സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ എന്നിവർ എക്സ് ഒഫിഷ്യോ അംഗങ്ങളായി ഉൾപ്പെടുന്ന ഒരു സൊസൈറ്റിയുമായി നഗരസഭ ക്ക് കരാറിൽ ഏർപ്പെടുന്നതിനും പരിമിതികൾ ഉണ്ട്, നിലവിൽ കരാറിൽ ഏർപ്പെട്ടിട്ടുമില്ല. ആയതിനാൽ സൊസൈറ്റിക്ക് നഗരസഭ കൌൺസിലിനോടും നിയമപരമായ ബാധ്യതയില്ല.

സൊസൈറ്റിയുടെ വരുമാനം സ്വീകരിക്കുന്നതിന് സ്വന്തമായ രസീറ്റ് ബുക്ക് പ്രിന്റ് ചെയ്തിട്ടുള്ളതും സ്വന്തമായി ബാങ്ക് അക്കൌണ്ട് കൈകാര്യം ചെയ്തു വരുന്നതുമാകുന്നു.ഇപ്രകാരം രൂപീകൃതമായിട്ടുള്ളതും പ്രവർത്തിച്ച് വരുന്നതുമായ സൊസൈറ്റിയുടെ ചെലവുകൾ മുനിസിപ്പൽ ഫണ്ടിൽ നിന്നും വഹിക്കുന്നത് നിയമപ്രകാരമല്ല.ആയതിനാൽ മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതല നിർവ്വഹിക്കുന്നതിന് മുനിസിപ്പൽ അംഗങ്ങളും,ഉദ്യോഗസ്ഥരും,പുറമെ നിന്നുള്ള അംഗങ്ങളേയും ഉൾപ്പെടുത്തി നഗരസഭക്ക് പുറത്ത് ഒരു സ്വതന്ത്ര സൊസൈറ്റി രൂപീകരിച്ചതും മുനിസിപ്പൽ ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചതും നിയമവിരുദ്ധമാണ്.

**<u>3.4.2 സൊസൈറ്റിയുടെ ചെലവുകൾ പ്രോജക്റ്റ് തയ്യാറാക്കി വികസനഫണ്ടിൽ നിന്നും ശമ്പള ,ആവർത്തന ചെലവുകൾ തിരിച്ചുപിടിക്കുന്നു..</u>**

ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ ആവർത്തന ചെലവുകൾക്കായാണ് 2109291 രൂപ ചെലവഴിച്ചിരിക്കുന്നത്.ഇതിൽ മുനിസിപ്പൽ ഫണ്ടിലേക്ക് വകമാറ്റിയ 1951401 രൂപയാകട്ടെ പ്ലാന്റിലെ തൊഴിലാളികൾക്ക് ശമ്പളം നൽകുന്നതിനാണ് വിനിയോഗിച്ചിരിക്കുന്നത്.സർക്കാർ ഉത്തരവ് (കൈ)79/17 തീ 03.04.2017 ഖണ്ഡിക 12 പ്രകാരം മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ആവർത്തന ചെലവുകൾ തനത് ഫണ്ടിൽ നിന്ന് ബഡ്ജറ്റിൽ നീക്കിവെക്കാവുന്നതാണ് എന്ന് നിർദ്ദേശമുള്ളതാണ്.മാത്രമല്ല സർക്കാർ ഉത്തരവ് (കൈ)80/17 ത.സ്വ.ഭ.വ തീ 03.04.2017 ഖണ്ഡിക 12.2 പ്രകാരം മാലിന്യ സംസ്കരണ പ്ലാന്റിലെ ജീവനക്കാർക്ക് പ്രോജക്റ്റിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ വ്യവസ്ഥയില്ലാത്തതാകുന്നു.മുനിസിപ്പൽ ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്ത തുക മുഴുവൻ പ്ലാന്റിലെ ജീവനക്കാരുടെ ശമ്പളത്തിന് വേണ്ടി തനത് ഫണ്ടിൽ നിന്ന് ആദ്യം ചെലവഴിച്ച തുകയാണെന്ന് കാണുന്നു.ഫലത്തിൽ പ്രോജക്റ്റിന്റെ ഭാഗമായി വികസനഫണ്ട് (ജനറൽ) ഉപയോഗിച്ച് 1951401 രൂപ ഒരു സൊസൈറ്റിയുടെ ജീവനക്കാർക്ക് ശമ്പളം നൽകി.ഇത് നിയമാനുസൃത നടപടിയല്ല എന്ന് ഓഡിറ്റിൽ ചൂണ്ടിക്കാട്ടുന്നു.

**<u>3.4.3 ചെലവ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയതിലെ അപാകതകൾ- ഒരേ ചെലവ് രണ്ട് തവണ രേഖപ്പെടുത്തി, ഇല്ലാത്ത ബാധ്യത വാർഷികകണക്കിൽ ചേർത്തു.</u>**

ഈ പ്രോജക്റ്റ് പ്രകാരം വികസനഫണ്ടിൽ നിന്നും (ജനറൽ)ചെലവഴിച്ച തുകയായ 2109291രൂപ ഉൾപ്പെടെയാണ് "251202601- Sanitation & waste Managent -Public-General"എന്ന ശീർഷകത്തിൽ Income & Expenditure Statement-ൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ തുകയിൽ 1951401 രൂപ വികസനഫണ്ടിൽ നിന്ന് പിൻവലിച്ച തനത് ഫണ്ടിലേക്ക് വകമാറ്റിയിട്ടുള്ളതാണ്. ഇതിൽ 1761981 രൂപ ശമ്പളം ഇനത്തിൽ ആദ്യം തനത് ഫണ്ടിൽ നിന്ന്ചെലവഴിച്ചിട്ടുള്ളത് തിരികെ തനത് ഫണ്ട് സൂക്ഷിക്കുന്ന ട്രഷറി അക്കൗണ്ടിലേക്ക് വികസനഫണ്ടിൽ നിന്ന് മാറ്റിയിട്ടുള്ളതും ബാക്കി 189420 രൂപ (137835 +51,585 ) മാർച്ച് മാസത്തെ പ്രതീക്ഷിത ശമ്പളം, ചെലവഴിക്കുന്നതിന് മുമ്പേ, തനത് ഫണ്ടിലേക്ക് മുൻകൂറായി നിക്ഷേപിക്കുകയും ചെയ്തിട്ടുള്ളതും ആകുന്നു. ( 4/18 ലാണ് ചെലവഴിച്ചത്.)

തനത് ഫണ്ടിൽ നിന്ന് മേൽ തുക ആദ്യമായി ചെലവഴിച്ചപ്പോൾ ചെലവ് രേഖപ്പെടുത്തിയ ശീർഷകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | തുക | വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|---|---|---|
| 1 | 210100200 -Wages | 97634 | 21701050 | 5/5/17 | 118036 |
| | | | 21701151 | 5/5/17 | 139134 |
| | | | 21701339 | 13/7/17 | 144300 |
| | | | 21701405 | 4/8/17 | 134852 |
| | | | 21701478 | 30/8/17 | 185373 |
| | | | 21700294 | 6/1/18 | 176955 |
| | | | 21700552 | 6/3/18 | 160652 |
| | | | 21700372 | 3/2/2018 | 195110 |
| | | | 21700350 | 25/1/2018 | 26600 |
| | | | 21701557 | 25/9/2017 | 26119 |
| 2 | 250401201-Implement sanitation programme | 139415 | 21701622 | 04/10/2017 | 139415 |
| 3 | 220809900-Misc. administration exp | 136635 | 21701786 | 17/11/2017 | 136635 |
| 4 | 350109900-Other creditors/ 220809900-Misc. administration exp | 178800 | 21700230 41700035 (transfer entry) | 21/12/2017 21/12/2017 | 178800 |
| | **ആകെ** | | | | **1761981** |

എന്നാൽ തനത് ഫണ്ടിൽ നിന്ന് ചെലവ് ചെയ്ത മേൽ തുക വികസനഫണ്ടിൽ നിന്ന് റീക്കൂപ്പ് ചെയ്തപ്പോൾ തനത് ഫണ്ടിൽ നിന്നും മുമ്പ് ചെലവ് ശീർഷകങ്ങളിൽ രേഖപ്പെടുത്തിയ ചെലവ് തുക കുറഞ്ഞതായി പരിഗണിച്ച് അതാത് ചെലവ് ശീർഷകങ്ങളിൽ കുറവ് (Credit)രേഖപ്പെടുത്തേണ്ടിയിരുന്നതും തുക നിക്ഷേപിച്ച ട്രഷറി സേവിങ്സ് അക്കൌണ്ടിന്റെ ബാങ്ക് ബുക്ക് ശീർഷകത്തിൽ രസീറ്റ് (Debit)രേഖപ്പെടുത്തേണ്ടിയിരുന്നതും ആയിരുന്നു.എന്നാൽ ഈ തുക മുഴുവൻ " “340800100- Deposit received from others” എന്ന ബാധ്യത ശീർഷകത്തിൽ (Credit)ബാധ്യതയായി തെറ്റായി ചേർക്കുകയും ട്രഷറി സേവിങ്ങ്സ് അക്കൌണ്ടിന്റെ ബാങ്ക് ബുക്ക് ശീർഷകത്തിൽ രസീറ്റ് (Debit) ആയി ചേർക്കുകയും ചെയ്തു.

ഇപ്രകാരം തെറ്റായ ശീർഷകത്തിൽ Credit രേഖപ്പെടുത്തിയതിനാൽ ;

(i) 1761981 രൂപയുടെ ഇല്ലാത്ത ബാധ്യത നഗരസഭയുടെ ബാലൻസ് ഷീറ്റിൽ “340800100- Deposit received from others”ഉൾപ്പെടുന്നു.

(ii)ഇതിന് പുറമേ 1761981രൂപയുടെ ചെലവ് രണ്ട് തവണ, തനത് ഫണ്ടിൽ നിന്നും വികസനഫണ്ടിൽ നിന്നും ഒരുപോലെ ചെലവഴിച്ചതായി രേഖപ്പെടുത്തപ്പെടുകയും വാർഷികകണക്കിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ 1761981 രൂപയുടെ ചെലവ് കൂടുതലായി രേഖപ്പെടുത്തപ്പെടുകയും ചെയ്തു. തത്ഫലമായി ഈ പത്രിക പ്രകാരമുള്ള ***Excess income over expenditure ൽ 1761981 രൂപ (മിച്ചം )കുറവ് വന്നു.***

***മേൽ കാരണങ്ങളാൽ നഗരസഭയുടെ വാർഷികകണക്കുകൾക്ക് കൃത്യത ഉണ്ടെന്നും നഗരസഭയുടെ പ്രവർത്തനങ്ങളും സാമ്പത്തിക സ്ഥിതിയും പ്രതിഫലിക്കുന്നതുമാണ് വാർഷികകണക്കുകളെന്നും ഓഡിറ്റിൽ അഭിപ്രായപ്പെടുന്നില്ല.***

3.4.1,3.4.2 എന്നീ ഖണ്ഡികകളിൽ പരാമർശിച്ച അപാകതകൾ മൂലം ചെലവ് തുകയായ 2109291രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 3.4.3 ൽ പരാമർശിച്ച ന്യൂനത പരിഹരിക്കുന്നതിന് 2019-20 സാമ്പത്തികവർഷത്തിൽ “340800100- Deposit received from others” എന്ന ബാധ്യത കുറവ് ചെയ്യേണ്ടതും (Debit), ഈ തുക “Prior period items “ ലെ അനുയോജ്യമായ ശീർഷകത്തിലേക്ക് ചേർക്കേണ്ടതുമാണ്(Credit)

# 3-5 സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകൾ-രേഖകൾ ഹാജരാക്കുന്നതു വരെ 41548578 രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നടപ്പാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവു തുകകൾ അവയ്ക്ക് നേരെ രേഖപ്പെടുത്തിയിരിക്കുന്ന കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1)

| ഫയൽ നമ്പർ | പ്രോജക്റ്റ് | ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് കുറിപ്പ് |
|---|---|---|---|---|---|
| G3/6197/18 | 410/18-ഇൻഡോർ സ്റ്റേഡിയം സ്ഥലമെടുപ്പ് | 36 | 22/3/18 | 3231968 | പ്രിൻസിപ്പൽ സബ് ജഡ്ജ് ഇരിങ്ങാലക്കുട കോടതിയിൽ 799....047 -ആം നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് LAR 21/10 ന് വേണ്ടി ട്രാൻസ്ഫർ ചെയ്തത്.ഈ തുക നൽകിയതിന് കൈപ്പറ്റ് രസീതോ ട്രഷറി ബാങ്ക് അക്കൗണ്ട് നമ്പറിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളോ ഹാജരാക്കിയിട്ടില്ല. |
| | | 34 | 22/3/18 | 25745922 | |
| | | 35 | 22/3/18 | 264405 | |
| | | 40 | 28/3/18 | 8514283 | |
| | | | | **37756578** | |

2)

| ഫയൽ നമ്പർ | പ്രോജക്റ്റ് | ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് കുറിപ്പ് |
|---|---|---|---|---|---|
| G3/14783/17 | 252/18-പോട്ട ഇൻഡോർ സ്റ്റേഡിയം സ്ഥലമെടുപ്പ് | 9 | 2/9/17 | 3792000 | മേൽ പ്രകാരം തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് നഗരസഭയുടെ സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കുകയും 14/9/17 ൽ ചെക്ക് നമ്പർ 359438 പ്രകാരം സ്പെഷൽ ടി.എസ്.ബി.യിൽ നിന്ന് പിൻവലിക്കുകയും ചെയ്തു. എന്നാൽ തുക ആർക്ക് നല്കിയെന്നോ , മറ്റ് ചെലവ് രേഖകളോ ലഭ്യമല്ല. |

ചെലവ് തുക 41548578 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 28 തീ. 23/5/19 )

# 3-6 ചാലക്കുടി നഗരസഭ; മാലിന്യ സംസ്കരണം -പ്രത്യേക റിപ്പോർട്ട്

കേരള മുനിസിപ്പാലിറ്റി നിയമം 1994 ഒന്നാം പട്ടിക പ്രകാരം മാലിന്യ ശേഖരണം,കയ്യൊഴിയൽ,നീക്കം ചെയ്യൽ എന്നിവ നഗരസഭയുടെ അനിവാര്യ ചുമതലകളിൽപ്പെടുന്നു.ഈ ചുമതലകൾ നിർവ്വഹിക്കുന്നതിനാവശ്യമായ നിയമപരമായ വ്യവസ്ഥകൾ ഈ നിയമത്തിന്റെ 326 മുതൽ 345 വരെയുള്ള വകുപ്പുകളിൽ പ്രസ്താവിച്ചിട്ടുണ്ട്.

സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് (അമെൻഡ്മെൻഡ്) ചട്ടം 2018, ഇ-വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016, Construction and Demolition Waste Management Rules, 2016, എന്നീ ചട്ടങ്ങൾ പ്രകാരം നഗരസഭയുടെ ചുമതലകൾ നിർണയിച്ച് നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച നിയമത്തിന്റേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് നഗരസഭ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോയെന്നുള്ള അനുവർത്തന ഓഡിറ്റാണ് ഈ റിപ്പോർട്ടിൽ ലക്ഷ്യം വെയ്ക്കുന്നത്.

<u>1.നിയമങ്ങളിലെയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം നഗരസഭയിൽ നിലവിലുള്ള സംവിധാനങ്ങൾ</u>

1.1 ആസൂത്രണവും തന്ത്രങ്ങളും രൂപീകരിക്കൽ (Plan and Strategy)

1.2 നിയമാവലി (By law)

1.3 മാലിന്യശേഖരണവും ട്രാൻസ്പോർട്ടേഷനും

1.4 മാലിന്യം വേർതിരിക്കൽ

1.5 മാലിന്യ സംസ്കരണം

1.6 ഉറവിട മാലിന്യ സംസ്കരണം

<u>2.നഗരസഭയിലെ നിലവിലെ മാലിന്യശേഖരണ, സംസ്കരണ സംവിധാനത്തിലെ ന്യൂനതകൾ</u>

2.1 നിയമങ്ങളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിക്കുന്നതിലെ പോരായ്മകൾ,നിർദ്ദേശങ്ങൾ

2.2 നിയമപരമായ രേഖകളുടെ അഭാവം

2.3 നിലവിലുള്ള സംവിധാനങ്ങളുടെ ഭൗതിക സാഹചര്യങ്ങളിലെ കുറവുകൾ

<u>1.നിയമങ്ങളുടെയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം നഗരസഭയിൽ നിലവിലുള്ള സംവിധാനങ്ങൾ</u>

<u>1.1 ആസൂത്രണവും തന്ത്രങ്ങളും (Plan and Strategy)</u>

സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016, ചട്ടം 15 ൽ മുനിസിപ്പാലിറ്റികളുടെ ചുമതലകൾ പരാമർശിക്കുന്നുണ്ട്.ചട്ടം 15(a) പ്രകാരം മാലിന്യ ശേഖരണവും സംസ്കരണവുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് പോളിസിക്ക് അനുസൃതമായി നഗരസഭ ഒരു പ്ലാനും സ്ട്രാറ്റജിയും തയ്യാറാക്കേണ്ടതുണ്ട്. നഗരസഭ പ്രദേശത്തെ എല്ലാ ഭാഗത്തെയും മാലിന്യശേഖരണവും അവയുടെ കയ്യൊഴിയലും ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സഹായകരമായ ആസൂത്രണ രൂപരേഖ എന്ന നിലയിലാണ് ഇത് തയ്യാറാക്കേണ്ടത്. ഇത് പ്രകാരമുള്ള സിറ്റി സാനിറ്റേഷൻ പ്ലാൻ, 3.37 കോടി രൂപയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് എന്നിവ ശുചിത്വമിഷൻ, സംസ്ഥാന സർക്കാർ എന്നിവർ അംഗീകരിച്ചതായി നഗരസഭ അറിയിച്ചിട്ടുണ്ട്.

<u>1.2 നിയമാവലി (By law)</u>

സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016, ചട്ടം 15(e) പ്രകാരം ഒരു വർഷത്തിനുള്ളിൽ ഈ ചട്ടങ്ങൾക്കനുസൃതമായി നഗരസഭ നിയമാവലി തയ്യാറാക്കി അംഗീകരിക്കേണ്ടതുണ്ട്. നിയമാവലിയിൽ

i)മാലിന്യഉത്പാദകർക്ക് അവയുടെ ഉറവിടത്തിൽ തന്നെയുള്ള സംസ്കരണത്തിനുള്ള വ്യവസ്ഥകൾ, ii)അപ്രകാരം സാധിക്കാത്തവ വേർതിരിക്കുന്നതിനും മുനിസിപ്പാലിറ്റി നിയോഗിക്കുന്ന/ചുമതലപ്പെടുത്തുന്നവർക്ക് കൈമാറുന്നതിനുള്ള വ്യവസ്ഥകൾ

iii)മാലിന്യ ശേഖരണത്തിലും സംസ്കരണത്തിലും മാലിന്യ ഉത്പാദകരുടെയും നഗരസഭയുടെയും ചുമതലകൾ

iv)വ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള പിഴ ശിക്ഷ

എന്നീ കാര്യങ്ങൾ വ്യവസ്ഥ ചെയ്ത് ഉൾപ്പെടുത്തേണ്ടതുണ്ട്. ചാലക്കുടി നഗരസഭ ഇപ്രകാരം "പ്ലാസ്റ്റിക് ഖര ദ്രവ-ഇ-മാലിന്യ പരിപാലന നിയമാവലി 2016" എന്ന പേരിൽ (H2-8768/13 ) കരട് വിജ്ഞാപനം തയ്യാറാക്കുകയും കൗൺസിൽ അംഗീകാരത്തോടുകൂടി 16/5/19-ൽ അംഗീകാരം ലഭിക്കുന്നതിനായി നഗരകാര്യ ഡയറക്ടർക്ക് അയച്ചു നൽകിയിട്ടുണ്ട്. നിയമാവലിക്ക് നാളിതുവരെ അന്തിമ അംഗീകാരം ലഭ്യമാകാത്തതിനാൽ വ്യവസ്ഥകൾ പ്രാബല്യത്തിൽ വന്നിട്ടില്ല.

<u>1.3 മാലിന്യശേഖരണവും ട്രാൻസ്പോർട്ടേഷനും</u>

സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016 പ്രകാരം നഗരസഭാ പ്രദേശത്തെ വീടുകളിൽ നിന്നും,സ്ഥാപനങ്ങളിൽ നിന്നും,വേർതിരിച്ച മാലിന്യം ശേഖരിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതുണ്ട്.വലിയ മാളുകൾ,ഷോപ്പിംഗ് കോംപ്ലക്സുകൾ,ഫ്ലാറ്റുകൾ എന്നിവയുടെ കാര്യത്തിൽ അവയുടെ പ്രവേശന കവാടത്തിനരികിലോ മറ്റേതെങ്കിലും സൗകര്യപ്രദമായ ഇടങ്ങളിലോ കളക്ഷൻ പോയിന്റുകളും സ്ഥാപിക്കാവുന്നതുമാണ്. മാലിന്യഉത്പാദകർ മാലിന്യങ്ങൾ അശാസ്ത്രീയമായി നിർമാർജ്ജനം ചെയ്യുന്നത് ഒഴിവാക്കൽ, വഴിയോരങ്ങളിലോ, പൊതു സ്ഥലങ്ങളിലോ നിക്ഷേപിക്കൽ എന്നിവ ഒഴിവാക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരം നിർദ്ദശമുള്ളത്.

ചാലക്കുടി നഗരസഭയിൽ 36 വാർഡുകളുണ്ട്. ചാലക്കുടി നഗരസഭയിൽ നിലവിലുള്ള മാലിന്യശേഖരണ സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

1.3.1 നഗരസഭയിലെ 36 വാർഡുകളിൽ 7 (വാർഡുകൾ-14,17,18,19,21,23,30) വാർഡുകളിലെ ഗാർഹിക,സ്ഥാപനങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനായി 7 പോയിന്റുകളിൽ കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുകയും അവയിൽ ദിനം പ്രതി ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നിശ്ചിത ദിവസങ്ങളിൽ പേരാമ്പ്രയിലെ അപ്പോളോ ടയേഴ്സ് എന്ന സ്ഥാപനവുമായി സഹകരിച്ച് പോട്ടയിൽ സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക് ശേഖരണ,വേർതിരിക്കൽ കേന്ദ്രത്തിലേക്ക് അപ്പോളോ ടയേഴ്സ് തന്നെ ഏർപ്പാടാക്കിയിട്ടുള്ള വാഹനത്തിൽ എത്തിക്കുന്നു.

1.3.2 മാർക്കറ്റിൽ നിന്നുള്ള പഴം, പച്ചക്കറി, പ്ലാസ്റ്റിക് മാലിന്യങ്ങൾ ദിവസവും കുടുംബശ്രീ പ്രവർത്തകർ ശേഖരിക്കുകയും പഴം പച്ചക്കറി മാലിന്യങ്ങൾ നഗരസഭയുടെ വാഹനത്തിൽ പോട്ട അലവി സെന്ററിൽ പ്രവർത്തിക്കുന്ന നഗരസഭയുടെ മാലിന്യസംസ്കരണ പ്ലാന്റിലും, പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരസഭ ഓഫീസിന് സമീപമുള്ള പ്ലാസ്റ്റിക് ശേഖരണ,വേർതിരിക്കൽ കേന്ദ്രത്തിലേക്കും എത്തിക്കുന്നു.മാലിന്യ സംസ്കരണപ്ലാന്റ്,നഗരസഭയുടെ ഓഫീസിന് അടുത്തുള്ള പ്ലാസ്റ്റിക് ശേഖരണ-വേർതിരിക്കൽ കേന്ദ്രം എന്നിവ നടത്തുന്നത് ചാലക്കുടി സാനിറ്റേഷൻ സൊസൈറ്റി ആകുന്നു.

**<u>1.4 മാലിന്യം വേർതിരിക്കൽ</u>**

1.4.1 നഗരസഭയിലെ 7 വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ അപ്പോളോ ടയേഴ്സ് നടത്തുന്ന ശേഖരണ തരം തിരിക്കൽ കേന്ദ്രത്തിൽ വച്ച് വിവിധ പ്ലാസ്റ്റിക് ഇനങ്ങളായി തരം തിരിച്ച് പ്ലാസ്റ്റിക് ബാഗുകളിൽ സൂക്ഷിക്കുന്നു.

1.4.2മാർക്കറ്റിൽ നിന്നും മാലിന്യ ഉത്പാദകർ തരം തിരിച്ച നൽകുന്ന മാലിന്യങ്ങൾ കുടുംബശ്രീ പ്രവർത്തകർ ശേഖരിച്ച് അതിൽ പഴം, പച്ചക്കറി മാലിന്യങ്ങൾ പോട്ട അലവി സെന്ററിൽ പ്രവർത്തിക്കുന്ന മാലിന്യസംസ്കരണ പ്ലാന്റിൽ എത്തിക്കുന്നു.അവിടെ ഈ മാലിന്യങ്ങൾ ഒന്നുകൂടി തരം തിരിക്കുകയും അജൈവ മാലിന്യങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നു.

1.4.3മാർക്കറ്റിൽ നിന്ന് മാലിന്യഉത്പാദകരിൽ നിന്ന് ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ മുനിസിപ്പാലിറ്റിക്ക് സമീപമുള്ളതും ചാലക്കുടി സാനിറ്റേഷൻ സൊസൈറ്റി നടത്തുന്നതുമായ അജൈവ മാലിന്യ തരംതിരിക്കൽ കേന്ദ്രത്തിൽ തരം തിരിക്കുന്നു.

**<u>1.5 മാലിന്യ സംസ്കരണം</u>**

1.5.1 അപ്പോളോ ടയേഴ്സ് നടത്തുന്ന പ്ലാസ്റ്റിക് ശേഖരണ കേന്ദ്രത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീനുകൾ നഗരസഭ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി ലഭിക്കാത്തതിനാൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണീറ്റ് യാഥാർത്ഥ്യമായിട്ടില്ല.വേർതിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ അതേ പടി അവ ശേഖരിക്കുന്ന കരാറുകാരന് കൈമാറുന്നു.

1.5.2 പോട്ട അലവി സെന്ററിൽ പ്രവർത്തിക്കുന്നതും ചാലക്കുടി സാനിറ്റേഷൻ സൊസൈറ്റി നടത്തുന്നതുമായ മാലിന്യസംസ്കരണ പ്ലാന്റിൽ പ്രവർത്തിക്കുന്ന പ്ലാന്റിൽ മാലിന്യം സംസ്കരിച്ച് വിൻഡ്രോ കംപോസ്റ്റ്, വെർമി കംപോസ്റ്റ് എന്നിവയാക്കി മാറ്റി സൂക്ഷിക്കുകയും ആവശ്യക്കാർക്ക് വില്പന നടത്തുകയും ചെയ്യുന്നു.കംപോസ്റ്റ് നിർമാണത്തിന് ശേഷം അവശേഷിക്കുന്ന മാലിന്യങ്ങൾ ലാന്റ് ഫില്ലിംഗിനായി നൽകുന്നു.

1.5.3 ചാലക്കുടി സാനിറ്റേഷൻ സൊസൈറ്റി നടത്തുന്ന അജൈവ മാലിന്യ ശേഖരണ,തരംതിരിക്കൽ യൂണീറ്റിലെത്തുന്ന മാലിന്യങ്ങൾ ഇനം തിരിച്ച് വേർതിരിച്ച് കരാറുകാരന് നൽകുന്നു.

**<u>1.6 ഉറവിട മാലിന്യ സംസ്കരണം</u>**

1.6.1 ചാലക്കുടി നഗരസഭയുടെ അറവുശാലയിലും മീൻ മാർക്കറ്റിലും ഉണ്ടാകുന്ന മാലിന്യങ്ങൾ ബയോഗ്യാസ് ആക്കി മാറ്റുന്ന പ്ലാന്റ് അറവുശാലയുടെ പരിസരത്ത് തന്നെ പ്രവർത്തിക്കുന്നുണ്ട്.ഇതിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ഗ്യാസ് പരിസരത്തുള്ള 8 വീടുകൾക്ക് സൗജന്യമായി നല്കുന്നു.

1.6.2 നഗരസഭപരിധിയിലുള്ള ആശുപത്രികൾക്ക് ഇൻസിനേറ്റർ നിർബന്ധമാക്കിയിട്ടുണ്ട്. മറ്റ് ആശുപത്രി മാലിന്യങ്ങൾ കഞ്ചിക്കോട്ടുള്ള "ഇമേജ്" എന്ന അക്രഡിറ്റഡ് ഏജൻസിക്ക് ആശുപത്രികൾ നേരിട്ട് കൈമാറുന്നു. പ്രസ്തുത ഏജൻസിക്ക് ഇപ്രകാരം മാലിന്യങ്ങൾ ലഭ്യമാക്കുന്നുണ്ട് എന്ന ഏജൻസിയുടെ സാക്ഷ്യപത്രം ലഭ്യമാക്കുന്ന ആശുപത്രികൾക്കേ ഡി&ഒ ലൈസൻസ് നഗരസഭ നൽകുന്നുള്ളൂ.

**<u>2.നഗരസഭയിലെ നിലവിലുള്ള മാലിന്യശേഖരണ,സംസ്കരണ സംവിധാനത്തിലെ ന്യൂനതകൾ</u>**

**<u>2.1നിയമങ്ങളുടെയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിക്കുന്നതിലെ പോരായ്മകൾ,നിർദ്ദേശങ്ങൾ</u>**

2.1.1 സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016, ചട്ടം 15(a) പ്രകാരം നിർദ്ദശിച്ച, മാലിന്യസംസ്കരണം സംബന്ധിച്ച് അംഗീകരിക്കപ്പെട്ട DPR ന് വിധേയമായി പദ്ധതികൾ ഏറ്റെടുക്കേണ്ടതുണ്ട്.

2.1.2 സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016, ചട്ടം 15(e) പ്രകാരം തയ്യാറാക്കപ്പെട്ടിട്ടുള്ള നിയമാവലിക്ക് അന്തിമ അംഗീകാരം ലഭിച്ച് വിജ്ഞാപനം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2.1.3.ചാലക്കുടി നഗരസഭയുടെ 36വാർഡുകളിലേയും വീടുകളിൽ നിന്നും,സ്ഥാപനങ്ങളിൽ നിന്നും, വേർതിരിച്ച മാലിന്യം ശേഖരിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടില്ല. പ്ലാസ്റ്റിക് മാലിന്യം 7 വാർഡുകളിൽ നിന്നും മാത്രമേ ശേഖരിക്കുന്നുള്ളൂ. ഈ 7 വാർഡുകളിൽ നിന്ന് പ്ലാസ്റ്റിക്കേതര മാലിന്യങ്ങൾ ശേഖരിക്കുന്നില്ല.മറ്റ് വാർഡുകളിൽ നിന്ന് മാലിന്യങ്ങൾ ഒന്നും ശേഖരിക്കുന്നില്ല. ആയതിനാൽ നഗരസഭയിൽ മുഴുവനായി മാലിന്യശേഖരണ-സംസ്കരണത്തിന് സംവിധാനങ്ങൾ ഉള്ളതായി പരാമർശിക്കുവാൻ സാധിക്കില്ല. ഇത് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016, ചട്ടം 15(b) പ്രകാരമുള്ള നിർദ്ദേശത്തിന് വിരുദ്ധമാണ്.

ശേഷിക്കുന്ന വാർഡുകളിൽ ഹരിത കർമ്മ സേന രൂപീകരിച്ച് അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായി നഗരസഭ മറുപടി നൽകിയിട്ടുണ്ട്.

2.1.4. പോട്ടയിൽ അപ്പോളോ ടയേഴ്സുമായി സഹകരിച്ചു പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണീറ്റ് വൈദ്യുതി ലഭിക്കാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.ആയതിനാൽ യൂണീറ്റ് നടത്താൻ സ്ഥാപിച്ച 2മെഷീനുകൾ പ്രവർത്തിക്കാതെ കിടക്കുന്നു.വേർതിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കരാറുകാരന് കൈമാറുകയാണ് ചെയ്യുന്നത്.Plastic Waste (Management and Handling) Rules, 2011,ചട്ടം 6(1)(2)(b)എന്നിവ പ്രകാരം പ്ലാസ്റ്റിക് മാലിന്യങ്ങളുടെ തരംതിരിക്കൽ,ശേഖരണം,അവയുടെ ട്രാൻസ്പോർട്ടേഷൻ,പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ അവയുടെ നിർമാർജ്ജനം ഉറപ്പ് വരുത്തൽ എന്നിവ മുനിസിപ്പാലിറ്റിയുടെ ചുമതലയാണ്.മെഷീനുകൾ വാങ്ങിയതു ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു.

2.1.5.ഗാർഹിക ആപത്കരമാലിന്യങ്ങൾ ശേഖരിക്കുന്നതിനോ അല്ലെങ്കിൽ ശേഖരിക്കുന്ന ജൈവ-അജൈവ മാലിന്യങ്ങളിൽ ഇടകലർന്ന് ലഭിക്കുന്ന ഗാർഹിക ആപത്കരമാലിന്യങ്ങൾ ശേഖരിക്കുന്നതിനോ(ഉദാ ട്യൂബ് ലൈറ്റ്,സി എഫ് എൽ) മലിനീകരണനിയന്ത്രണ ബോർ ഡ് നിർദ്ദേശിക്കുന്ന രീതിയിൽ ഒഴിവാക്കുന്നതിനോ അല്ലെങ്കിൽ ബോർഡ് നിർദ്ദേശിക്കുന്ന കേന്ദ്രത്തിലേക്ക് ഇവ കൈമാറുന്നതിനോ നിലവിൽ സംവിധാനം ഒരുക്കിയിട്ടില്ല.(സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016 ,ചട്ടം 15(j)).

ചാലക്കുടി നഗരസഭയിലെ മുഴുവൻ വാർഡുകളിൽ നിന്നും ഇ-വേസ്റ്റ്,ആപത്കരമായ വേസ്റ്റുകൾ എന്നിവ തരംതിരിച്ച് ശേഖരിച്ച് ആയത് Clean Kerala Company മുഖേന അയച്ച് നൽകുന്ന നടപടി സ്വീകരിച്ചതായി മറുപടി നല്കിയിട്ടുണ്ടെങ്കിലും അത്തരം സംവിധാനങ്ങൾ നിലവിലുള്ളതായി ഫയൽ പ്രകാരമോ പ്രാദേശിക പരിശോധനയിലോ കാണാനായില്ല.

2.1.6 E-waste (Management) Rules, 2015 ഷെഡ്യൂൾ 4, ക്രമ നമ്പർ 3 ൽ നിഷ്കർഷിച്ച രീതിയിൽ ഇലക്ട്രിക്കൽ,ഇലക്ട്രോണിക് മാലിന്യങ്ങൾ ഉൾപ്പെടുന്ന ഇ-വേസ്റ്റുകൾ വേർതിരിച്ച് ശേഖരിക്കുന്നതിനോ,അംഗീകൃത നിർമാർജ്ജന അല്ലെങ്കിൽ പുനചംക്രമണ യൂണിറ്റുകൾക്കോ നല്കുന്നതിന് സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല.

2.1.7 Construction and Demolition Waste Management Rules, 2016.ചട്ടം 6 ൽ നിർദ്ദേശിക്കുന്ന രീതിയിൽ നഗരസഭ ,കെട്ടിട നിർമാണ അവശിഷ്ടങ്ങൾ,കെട്ടിടം പൊളിച്ചുകളയുന്നതുമൂലമുള്ള അവശിഷ്ടങ്ങൾ എന്നിവ പുനരുപയോഗിക്കുന്നതിനോ നിർമാർജ്ജനം ചെയ്യുന്നതിനോ സംവിധാനങ്ങൾ ഒരുക്കുകയോ ഇത് സംബന്ധിച്ച് നഗരസഭാ പരിധിയിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല.(കരട് നിയമാവലിയിൽ നിർദ്ദേശങ്ങളുണ്ട്)

നിലവിൽ ഇത്തരം വേസ്റ്റുകൾ നഗരസഭക്ക് ഒരു പ്രശ്നമായി വന്നിട്ടില്ല എന്ന മറുപടിയാണ് നഗരസഭ നൽകിയിരിക്കുന്നത്

**<u>2.2 നിയമപരമായ രേഖകളുടെ അഭാവം</u>**

2.2.1 മുനിസിപ്പാലിറ്റി പരിധിയിലെ മാർക്കറ്റിൽ നിന്ന് പ്ലാസ്റ്റിക്, പഴം പച്ചക്കറി മാലിന്യങ്ങൾ നിശ്ചിത ഫീ ഈടാക്കി ,ശേഖരിക്കുന്നത് കുടുംബശ്രീ പ്രവർത്തകരാണ്.എന്നാൽ മുനിസിപ്പാലിറ്റി ഫീ നിശ്ചയിച്ച നല്കിയതായി കാണുന്നില്ല.മാത്രമല്ല മാലിന്യശേഖരണവുമായി ബന്ധപ്പെട്ട് ഇരു കക്ഷികളുടെയും ചുമതലകൾ,ബാധ്യതകൾ,അധികാരങ്ങൾ എന്നിവ നിജപ്പെടുത്തി കൊണ്ട് മുനിസിപ്പാലിറ്റി കുടുംബശ്രീയുമായി കരാറിൽ ഏർപ്പെട്ടതായോ കുടുംബശ്രീയെ മാലിന്യശേഖരണത്തിന് ചുമതലപ്പെടുത്തി ഉത്തരവ് നൽകിയതായോ കാണുന്നില്ല.

2.2.2 നഗരസഭ കെട്ടിടത്തിനു സമീപമുള്ള പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കുന്ന കേന്ദ്രവും, പോട്ട അലവി സെന്ററിലെ മാലിന്യസംസ്കരണ പ്ലാന്റും പരിപാലിക്കുന്നത് ചാലക്കുടി സാനിറ്റേഷൻ സൊസൈറ്റിയാണ്.ഈ സൊസൈറ്റിയുമായും ഇരു കക്ഷികളുടെയും ചുമതലകൾ,ബാധ്യതകൾ,അധികാരങ്ങൾ എന്നിവ നിജപ്പെടുത്തി കൊണ്ട് നഗരസഭ കരാറിലേർപ്പെട്ടതായോ, മാലിന്യ സംസ്കരണ പ്ലാന്റ്,അജൈവ മാലിന്യം വേർതിരിക്കൽ യൂണീറ്റ് എന്നിവയുടെ പ്രവർത്തനം ചുമതലപ്പെടുത്തി ഉത്തരവ് നൽകിയതായോ കാണുന്നില്ല.

2.2.2.1 പോട്ട അലവി സെന്ററിലെ മാലിന്യസംസ്കരണ പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന വിൻഡ്രോ കംപോസ്റ്റ്,വെർമി കംപോസ്റ്റ് എന്നിവയും ബാക്കി അവശിഷ്ടം ലാന്റ് ഫില്ലിംഗിനും ഉപയോക്താക്കൾക്ക് നല്കുന്നുണ്ടെങ്കിലും ആയതിന്റെ വില്പനവില നഗരസഭ നിശ്ചയിക്കുന്നതായോ അല്ലെങ്കിൽ അത് നിശ്ചയിക്കാനുള്ള അധികാരം സാനിറ്റേഷൻ സൊസൈറ്റിക്ക് നൽകിയതായോ കാണുന്നില്ല.

2.2.3 അപ്പോളോ ടയേഴ്സുമായി സഹകരിച്ച് പോട്ടയിൽ പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കൽ യൂണീറ്റിന് സ്ഥലം,കെട്ടിടം എന്നിവ പ്രദാനം ചെയ്തിരിക്കുന്നത് മുനിസിപ്പാലിറ്റിയാണ്.പ്രവർത്തിച്ച് തുടങ്ങാത്ത 2 ഷ്രെഡ്ഡിംഗ് മെഷീൻ അവിടെ സ്ഥാപിച്ചിരിക്കുന്നതും മുനിസിപ്പാലിറ്റിയാണ്. എന്നാൽ 7 വാർഡുകളിൽ കളക്ഷൻ പോയിന്റുകൾ സ്ഥാപിച്ചിരിക്കുന്നതും അവിടെ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ കേന്ദ്രത്തിലെത്തിക്കുന്നതിനുള്ള വാഹന സൗകര്യം, കളക്ഷൻ ജീവനക്കാർ,വേർതിരിക്കൽ കേന്ദ്രത്തിലെ ജീവനക്കാർ എന്നിവരുടെ കൂലി ഉൾപ്പെടെ ചെലവ് വഹിക്കുന്നത് കമ്പനി നിയമം -2013 അനുശാസിക്കുന്ന നിർബന്ധിത CSR(Corporate social responsibility) സ്കീമിൽ ഉൾപ്പെടുത്തി അപ്പോളോ ടയേഴ്സ് എന്ന ലിമിറ്റഡ് കമ്പനിയാണ്.കമ്പനി ഇതിനായി നിശ്ചിത ഫീ മാലിന്യ ഉത്പാദകരിൽ നിന്ന് ഈടാക്കുന്നു.എന്നാൽ

2.2.3.1 പ്ലാസ്റ്റിക് മാലിന്യ ശേഖരണം,സംസ്കരണ കേന്ദ്ര നടത്തിപ്പ് എന്നിവ സംബന്ധിച്ച് രണ്ട് കക്ഷികളുടെയും ഉത്തരവാദിത്വങ്ങളും,ബാധ്യതകളും നിർവ്വചിച്ചുകൊണ്ട് നഗരസഭ ,അപ്പോളോ ടയേഴ്സ് മായി കരാറിലേർപ്പെട്ടിട്ടില്ല.

2.2.3.2 പ്ലാസ്റ്റിക് മാലിന്യ ഉത്പാദകരിൽ നിന്ന് ഈടാക്കാവുന്ന ഫീ നിശ്ചയിക്കുകയോ അത് ശേഖരിക്കാൻ അപ്പോളോ ടയേഴ്സിനെ ചുമതലപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 2.3 നിലവിലുള്ള സംവിധാനങ്ങളുടെ ഭൗതിക സാഹചര്യങ്ങളിലെ കുറവുകൾ

16/5/2019 ൽ ബന്ധപ്പെട്ട ഹെൽത്ത് ഉദ്യോഗസ്ഥൻമാരുടെ സാന്നിധ്യത്തിൽ, പോട്ട അലവി സെന്ററിലെ മാലിന്യപ്ലാന്റ്, പോട്ടയിലെ പ്ളാസ്റ്റിക് ശേഖരണ-വേർതിരിക്കൽ യൂണീറ്റ്,നഗരസഭ ഓഫീസിനടുത്ത് സ്ഥിതി ചെയ്യുന്ന അജൈവ മാലിന്യങ്ങളുടെ ശേഖരണ-വിതരണയൂണീറ്റ്,അറവ് ശാല എന്നീ സ്ഥലങ്ങളിൽ നടത്തിയ പ്രാദേശിക പരിശോധന യുടെ അടിസ്ഥാനത്തിൽ താഴെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

2.3.1 പോട്ട അലവി സെന്ററിൽ പ്രവർത്തിക്കുന്ന മാലിന്യസംസ്കരണ പ്ലാന്റിൽ വളം സൂക്ഷിക്കുന്ന കെട്ടിടത്തിന്റ ഒരു ഭാഗത്തെ മേൽക്കൂര തകർന്നു കിടക്കുന്നുണ്ട്.എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനക്ക് വിധേയമായി ആവശ്യമായ റിപ്പയർ ജോലികൾ ചെയ്യണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.



2.3.2 അപ്പോളോ ടയേഴ്സുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പോട്ടയിലെ പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കൽ യൂണിറ്റിന് വേണ്ടതായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. വൈദ്യുതി കണക്ഷൻ ഇല്ല, തൊഴിലാളികൾക്ക് വെള്ളം ലഭ്യമല്ല. ചെറിയ ഒരു കെട്ടിടത്തിൽ വളരെ കുറച്ച് സ്ഥലത്താണ് 3 സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നത്.തരം തിരിച്ചതും തരം തിരിക്കാനുള്ളതുമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ ചാക്കുകളിലാക്കി കൂട്ടിയിട്ടിരിക്കുന്നു.ഖരമാലിന്യസംസ്കരണ ചട്ടത്തിൽ വിഭാവനം ചെയ്യുന്നത് പോലെയും അതിന്റെ അന്തസത്ത ഉൾക്കൊണ്ടും ശാസ്ത്രീയമായ രീതിയിലും തൊഴിലാളികൾക്ക് സൗകര്യപ്രദമായ രീതിയിലും തൊഴിൽ ചെയ്യുന്നതിനോ തരംതിരിച്ച മാലിന്യങ്ങൾ ഉപഭോക്താക്കൾക്കും പുനചംക്രമണം നടത്തുന്നവർക്കും തെരെഞ്ഞെടുക്കാവുന്ന രീതിയിലും മാലിന്യങ്ങൾ സൂക്ഷിച്ചു വരുന്ന ഒരു മാലിന്യസംസ്കരണ കേന്ദ്രമായി ഇതിനെ പരിഗണിക്കാൻ നിർവ്വാഹമില്ല. വൈദ്യുതി ലഭ്യമല്ലാത്തതിനാൽ ഷ്രേഡ്ഡിംഗ് യൂണീറ്റ് സ്ഥാപിക്കാനും സാധിച്ചിട്ടില്ല. അപ്പോളോ ടയേഴ്സുമായി കരാറിലേർപ്പെടാത്തതിനാൽ ഭൗതികസാഹചര്യവികസനം ഏതു കക്ഷിയുടെ ചുമതലയിലാണെന്ന് വ്യക്തമല്ല.ഹൈവേക്ക് അടുത്തായി സ്ഥിതി

ചെയ്യുന്ന ഈ കെട്ടിടത്തിന് ചുറ്റുമതിലോ മേൽക്കൂര വരെ ഉയരമുള്ള ചുമരോ ഇല്ല.




2.3.3 നഗരസഭ കെട്ടിടത്തിനു സമീപമുള്ള അജൈവ മാലിന്യം വേർതിരിക്കുന്ന കേന്ദ്രം പ്രവർത്തിക്കുന്നത് ടാർപായ വലിച്ചു കെട്ടിയും കമ്പിൽ കുത്തി നിർത്തിയ രീതിയിലുമുള്ള ഒരു സ്ഥലത്താണ്. ചാലക്കുടി സാനിറ്റേഷൻ സൊസൈറ്റിയുടെ 12 ഓളം സ്ത്രീ തൊഴിലാളികൾ ഈ തുറന്ന ഗ്രൗണ്ടിൽ ടാർപായ വലിച്ചു കെട്ടിയതിന് താഴെ തൊഴിൽ ചെയ്യുന്നു. കുടിവെള്ളം ഇല്ല, വൈദ്യുതി ലഭ്യമല്ല, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങൾ ഇല്ല. വൈദ്യുതി കണക്ഷൻ ഇല്ല. തരം തിരിച്ചതും തരം തിരിക്കാനുള്ളതുമായ പ്ലാസ്റ്റിക്, പേപ്പർ, തുണി മുതലായ മാലിന്യങ്ങൾ ചാക്കുകളിലാക്കി തുറന്ന സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്നു. മഴ പെയ്താൽ നനയുന്ന അവസ്ഥയുണ്ട്. ടാർപായ വലിച്ച് കെട്ടി പ്രവർത്തിക്കുന്ന ഇവിടെ മഴക്കാലത്ത് എപ്രകാരം പ്രവർത്തനം സാധ്യമാകുമെന്ന് വ്യക്തമല്ല. ചുറ്റുമതിലോ ഗേറ്റോ ഇല്ല. ഖരമാലിന്യ സംസ്കരണ ചട്ടത്തിൽ വിഭാവനം ചെയ്യുന്നത് പോലെയും അതിന്റെ അന്തസത്ത ഉൾക്കൊണ്ടും ശാസ്ത്രീയമായ രീതിയിലും തൊഴിലാളികൾക്ക് സൗകര്യപ്രദമായി രീതിയിലും തൊഴിൽ ചെയ്യുന്നതിനോ തരംതിരിച്ച മാലിന്യങ്ങൾ ഉപഭോക്താക്കൾക്കും പുനചംക്രമണം നടത്തുന്നവർക്കും തെരെഞ്ഞടുക്കാവുന്ന രീതിയിലും മാലിന്യങ്ങൾ സൂക്ഷിച്ചു വരുന്ന ഒരു മാലിന്യസംസ്കരണ കേന്ദ്രമായി ഇതിനെയും പരിഗണിക്കാൻ നിർവ്വാഹമില്ല.





2.3.4 നഗരസഭ നടത്തുന്ന അറവ് ശാലയുടെ പ്രവേശനഭാഗം തകർന്ന നിലയിലാണ്. മേൽക്കൂരയുടെ ഭാഗവും തകർന്നിട്ടുണ്ട്.തെരുവ് നായ്ക്കൾ അറവ് ശാലക്കുള്ളിൽ പ്രവേശിക്കുന്നതായി കാണാൻ കഴിഞ്ഞു. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനക്ക് വിധേയമായി ആവശ്യമായ റിപ്പയർ ജോലികൾ ചെയ്യണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.




2.3.5 അറവ് ശാലക്ക് മുമ്പിലായി മാർക്കറ്റിൽ നിന്നുള്ള വേസ്റ്റ് കൂനകൾ കാണാൻ കഴിഞ്ഞു.മാർക്കറ്റിൽ നിന്നുള്ള മാലിന്യം ശേഖരിക്കാനും സംസ്കരിക്കാനും സംവിധാനങ്ങളുണ്ട് എന്നിരിക്കെ ഇത്തരം മാലിന്യ കൂനകൾ നിലവിലുള്ള മാലിന്യ ശേഖരണ സംവിധാനങ്ങളും നിയമത്തിന്റെയോ ചട്ടങ്ങളുടെയോ അംഗീകൃത നിയമാവലിയുടെയോ പ്രയോഗങ്ങളും ഫലപ്രാപ്തിയിലെത്തുന്നില്ല എന്നതിന്റെ സൂചനയാണ്. അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നിയമപരമായ നടപടികൾ എടുക്കേണ്ടതുണ്ട്.







# 3-7 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നൽകൽ - മാർഗ്ഗരേഖ പാലിച്ചിട്ടില്ല.

പ്രോജക്റ്റ് നം. - S008/18.

ട്രഷറി ബിൽ നം.14/2017-18 dtd.31.3.18. 500443/-

നിർവ്വഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ.

മേൽ പ്രോജക്റ്റിൽ ഭിന്നശേഷിയുള്ള ഗുണഭോക്താക്കൾക്ക് വിവിധ ഉപകരണങ്ങൾ കെൽട്രോൺ വഴി വാങ്ങി നൽകിയിട്ടുണ്ട്. ആയതിൽ 4 ഗുണഭോക്താക്കൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ 69500/- രൂപ നിരക്കിൽ വിതരണം ചെയ്യതിന് 278000/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 4 തിയതി.10.05.19). എന്നാൽ ഗുണഭോക്താക്കളുടെ ലേണേഴ്സ് ലൈസൻസ് പോലും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജി.ഒ.(എം.എസ്.)നം.80/2017/തസ്വഭവ, തിയതി.3.4.2017. ഖണ്ഡിക 10.1-6 പ്രകാരം സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ (40% ലേറെ വൈകല്യമുണ്ടെങ്കിലും ഈ വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്ന് സാക്ഷ്യപ്പെടുത്തണം. ജനറൽ 1 ലക്ഷം രൂപയും പട്ടികജാതി 2 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള അംഗമാകണം. 8 വർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച ആളായിരിക്കരുത്. ഗ്രാമസഭ/വാർഡ് സഭ അംഗീകരിച്ച ആളായിരിക്കണം എന്ന് പരാമർശിക്കുന്നുണ്ട്. മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ അടങ്ങിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ ലൈസൻസ്, മാർഗ്ഗരേഖ പ്രകാരം ഹാജരാക്കേണ്ട രേഖകൾ എന്നിവ ഹാജരാക്കുന്നത് വരെ ഈ ഇനത്തിൽ ചെലവഴിച്ച 278000/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-8 ആശ്രയ സേവന പാക്കേജുകൾ യഥാവിധി നടപ്പിലാക്കുന്നില്ല.

പ്രോജക്റ്റ് നം.- S0275/18.

2017-18 വർഷത്തെ ആശ്രയ പദ്ധതി പ്രകാരം3 പോഷകാഹാര കിറ്റ് വിതരണം ചെയ്തതിന് പ്രോജക്ട് ഓഫീസർ യൂ.പി.എ.സെൽ വഴി 666726/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം.14/16.5.19 പ്രകാരം ആശ്രയപദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആശ്രയ സേവനപാക്കേജുകളായ ഭവനനിർമ്മാണം, വസ്ത്രം, പാർപ്പിടം, വൈദ്യസഹായം, കുടിവെള്ളം, വിദ്യാഭ്യാസം, സ്വയംതൊഴിൽ എന്നിങ്ങനെയുള്ളവയ്ക്ക് തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. ആശ്രയ ഒന്നാം ഘട്ട ഗുണഭോക്താക്കളും രണ്ടാംഘട്ട ഗുണഭോക്താക്കളും പദ്ധതിയിൽ ഇപ്പോഴും തുടരുന്നു. ആശ്രയ പദ്ധതി ഒന്നാംഘട്ട തുടർ സേവന പ്രോജക്ടിൽ 147 പേരും രണ്ടാംഘട്ട പ്രോജക്ടിൽ 140 പേരും തൻവർഷം നിലവിലുണ്ടായിരുന്നു. സമൂഹത്തിലെ നിരാലംബരും നിരാശ്രയവരുമായ ആശ്രയ ഗുണഭോക്താക്കളുടെ ഉന്നമനത്തിനായി നഗരസഭ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്. ആശ്രയ അക്കൗണ്ടിൽ 31.03.18-ൽ 683246.50. നീക്കിയിരിപ്പുണ്ട്. (A/c No.339002010001455O. Union Bank Chalakkudy). ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ആവശ്യമായ സേവനങ്ങൾ യഥാസമയം നൽകേണ്ടതാണ്.

# 3-9 ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – പ്രോജക്ട് ഓഫീസർ, യു.പി.എ. സെൽ
പ്രോജക്ട് നം. S0373/18 (ജനറൽ)

പ്രോജക്ട് നം.S0374/18 (Sc)

പ്രോജക്ട് നം.S0351/18 (Sc സ്പിൽ ഓവർ)

മേൽ പ്രോജക്ടുകളിൽ ഗുണഭോക്താക്കൾ അവസാന ഗഡു സ്വീകരിക്കാതെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തികരിക്കാത്ത ഗുണഭോക്താക്കളുടെ പേരുകൾ താഴെ കൊടുക്കുന്നു.

1. ദേവദാസ്

2. രമാദേവി

3. സുഭാഷ്കുമാർ

4. ബൈജു പുതുശ്ശേരി

5. തങ്ക നമ്പ്യാരുവീട്ടിൽ

6. അമ്മിണി.കെ.പി.

7. അമ്മിണി കോരൻ

8. ശശി.എം.വി.

9. ശിവദാസൻ

10. ഓമന

11. ലിജു സുനിൽകുമാർ

12. ബാബു.എം.കെ.

മുകളിൽ പറഞ്ഞിരിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തിയാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 15/ 16/05/19)

# 3-10 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നില്ല

2016-17, 2017-18 സാമ്പത്തിക വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഡെപ്പോസിറ്റുകൾ കൃത്യമായി കേരി ഓവർ ചെയ്ത് എഴുതുന്നില്ല. റീഫണ്ട് ചെയ്യാത്ത തുക തൊട്ടടുത്ത വർഷം കേരി ഓവർ ചെയ്ത് എഴുതേണ്ടതാണ്. 2016- 17 വർഷത്തെ ഡെപ്പോസിറ്റ് വിവരങ്ങൾ 2017-18 വർഷത്തേയ്ക്ക് എടുത്തെഴുതിയിട്ടില്ല. 2016 -17 വർഷത്തെ ഡെപ്പോസിറ്റ് പരിശോധിച്ചതിൻ പ്രകാരം 1977 മുതലുള്ള ഡെപ്പോസിറ്റുകൾ റീഫണ്ടു ചെയ്യുകയോ നഗരസഭയുടെ തനത് ഫണ്ടിൽ മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല. നിലവിലുള്ള സർക്കാർ നിയമമനുസരിച്ച് 3 വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് മുതൽ കൂട്ടാവുന്നതാണ്. 3 വർഷത്തിൽ അധികമുള്ള ഡെപ്പോസിറ്റുകൾ മുതൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-11 വാഹനങ്ങളുടെ ലോഗ്ബുക്കുകൾ നിയമപ്രകാരമുള്ള നടപടിയിലൂടെ പരിപാലിക്കുന്നില്ല.

തനത്ഫണ്ട് പരിശോധനയിൽ ഇന്ധനം നിറച്ചതിന് നഗരസഭ വൻതുക ചെലവഴിച്ചതായി കണ്ടു.എന്നാൽ ഇന്ധനം നിറച്ച വിവരങ്ങൾ ലോഗ് ബുക്കിൽ യഥാവിധി എഴുതി ചേർക്കുന്നില്ല.താഴെ പറയുന്ന ലോഗ് ബുക്കുകൾ പരിശോധനയ്ക്കായി ഹാജരാക്കി.

1. KL-64-566 (Tipper)

2. KL-8-AJ.9411 (Tractor)

3. KL-64-C4717 (Ambulance)

4. KL-45.G-4035 (JCB)

5. KL-8.AE-8554 (Tipper)

6. KL-64.C-1040 (Innova)

7. KL-64.C-7898 (Bolero jeep)

എന്നാൽ മേൽ വാഹനങ്ങളുടെ ലോഗ്ബുക്കിൽ ഇന്ധനം നിറച്ചതിന്റെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വർഷത്തിലൊരിക്കൽ ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയതിന്റെ സാക്ഷ്യപത്രം ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം ലോഗ്ബുക്കുകളിൽ എവിടേയും രേഖപ്പെടുത്തിയിട്ടില്ല.ജി.ഒ.(എം.എസ്)170/07തസ്വഭവ തി.30.6.2007 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗരേഖയിൽ താഴെപറയുന്ന കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ വാഹനങ്ങളുടേയും കസ്റ്റോഡിയൻ ഓഫീസർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി ആയിരിക്കുന്നതാണ്.വാഹനങ്ങളുടെ ശരിയായ ഉപയോഗം,സംരക്ഷണം,ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയിലായിരിക്കുന്നതാണ്. ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെപറയുന്ന രജിസ്റ്ററുകളും റെക്കോഡുകളും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.(എ) ലോഗ്ബുക്ക്,(ബി)പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്, (സി)ഡി.സി.ബി.രജിസ്റ്റർ (വാടക ഈടാക്കുന്ന കേസുകളിൽ), (ഡി) റിപ്പയർ രജിസ്റ്റർ, (ഇ) സ്റ്റോക്ക് രജിസ്റ്റർ, (എഫ്) ഇന്ധനത്തിന്റെയും എണ്ണയുടേയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ.(കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ 2000 ബാധകമാണ്) ഭാവിയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പാലിച്ചുകൊണ്ട് നഗരസഭയുടെ വാഹനങ്ങൾ ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-12 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

നഗരസഭയിലെ വിവിധ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മുൻകൂറുകൾ നല്കിയിട്ടുണ്ട്. മുൻകൂറുകൾ നല്കുമ്പോൾ മേൽ വിവരം മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും മുൻകൂർ കൈപറ്റുന്ന ജീവനക്കാരിൽ നിന്നും കൈപറ്റ് രശീത് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. മുൻകൂർ കൈപറ്റി മൂന്ന് മാസത്തിനകം ആയതിന്റെ ക്രമീകരണ വൗച്ചറുകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജീവനക്കാരിൽ നിന്നും 18% പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതാണ്. മേൽ നടപടിക്രമം പാലിക്കാത്ത ചെലവുകളുടെ വിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം.,ചെക്ക് നം. തിയതി, തുക | തുക നല്കപ്പെട്ടിട്ടുള്ളത് | റിമാർക്ക്സ് |
|---|---|---|---|
| 1. | vr.no. 2/10-17.ch.no.289260. Dtd.3.10/17. 25000/- | ശ്രീ.നിനാദ്. | തെരുവ് വിളക്ക് അറ്റകുറ്റപണിക്കുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിന് മുൻകൂർ |
| 2 | vr.no. 4/10-17.ch.no. 289260 dtd.3.10.17. 7000/- | ശ്രീ.റോബർട്ട് രാജ് | 4 ബ്രഷ് കട്ടറുകൾ അടിയന്തിരമായി റിപ്പയർ ചെയ്തതിന് മുൻകൂർ |
| 3. | vr.no.91/10-17. ch.no.289330 Dtd.12.10.17. 50000/- | ശ്രീ. നിനാദ്. | തെരുവ് വിളക്ക് അറ്റകുറ്റപണിക്കുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിന് മുൻകൂർ |
| 4. | vr.no.108/10-17. ch.no.112151. dtd.23.10.17. 11100/- | ശ്രീമതി.ദീതകുമാരി | NULM-ESTP വിഭാഗത്തിൽ നൈപുണ്യ പരിശീലനത്തിനായി നൽകിയ തുക. |
| 5. | vr.no.119/10-17. Ch.no.280345. | ശ്രീ. നിനാദ്. | തെരുവ് വിളക്ക് അറ്റകുറ്റപണിക്കുള്ള സാധന |

| | | | |
|---|---|---|---|
| | Dtd.27.10.17. 50000/- | | സാമഗ്രികൾ വാങ്ങുന്നതിന് മുൻകൂർ |
| 6. | vr.no.95/11-17. Ch.no.289425 dtd.24.11.17. 10000/- | രാഗേഷ്, HI. | ABCപ്രോഗ്രാമിന്റെആനുബന്ധ ചെലവിനത്തിൽ അനുവദിച്ച മുൻകൂർ |
| 7. | vr.no.98/11-17.ch.no289427. 25.11.17 -24000/ | ജയപ്രകാശ് | നോർത്ത് ബസ് സ്റ്റാന്റ് വികസനത്തിനായി ഏറ്റെടുക്കുന്ന 5.5ആർ സെന്റ് സ്ഥലത്തിന്റെ രജിസ്ട്രേഷൻ ചെലവിലേയ്ക്കായി അനുവദിച്ച മുൻകൂർ. |
| 8. | vr.no.25/12-17. ch.no.288533. dtd.6.12.17. 50000/- | രേഷ്മ സുധാകർ | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് മെറ്റീരിയൽസ് വാങ്ങുന്നതിനുള്ള മുൻകൂർ. |
| 9. | vr.no.28/1-18 ch.no288564. dtd.5.1.18. 40000/- | രവീന്ദ്രൻ | കേരള സംസ്ഥാന ലഹരി വർജന വിഷന്റെ വിമുക്തി വിളംബര ഘോഷയാത്ര നടത്തിയതിന്റെ ഭാഗമായി അനുവദിച്ച മുൻകൂർ |
| 10 | vr.no75/317.ch.no.254821. dtd.14.3.18. 30465/- | രാഗേഷ് | നഗരസഭ മാർക്കറ്റിലെ ബയോഗ്യാസ് പ്ളാന്റിന്റെ സെപ്ററിക്ക് ടാങ്ക് ക്ളീൻ ചെയ്യുന്നതിന് വേണ്ടി അനുവദിച്ച മുൻകൂർ. |
| 11 | vr.no.106/6-17 ch.no.31213. dtd.20.6.17 – 50000/- | രാഗേഷ് | നഗരസഭ മാർക്കറ്റിലെ ബയോഗ്യാസ് പ്ളാന്റിലെ മാലിന്യം നീക്കം ചെയ്യുന്നതിന് അനുവദിച്ച മുൻകൂർ |
| 12 | vr.no.18/8-17 ch.no.31325. dtd.2.8.17. 16000/- | റോബർട്ട് രാജ്. JHI | 18-ാം വാർഡിലെ മരങ്ങൾ മുറിക്കുന്നതിന് നൽകിയ മുൻകൂർ |
| 13 | vr.no.19/8-17 ch.no.31325. dtd.2.8.17. 3000/- | രവീന്ദ്രൻ കെ.കെ. | വാർഡ് 33-ലെ മരങ്ങൾ മുറിച്ചതിന് മുൻകൂർ – കൈപ്പറ്റ്, രശീത് ക്രമീകരണ വൗച്ചറുകൾ ഹാജരാക്കില്ല |
| 14 | vr.no.53/8-17 ch.no.289161 dtd. 10.8.17. 10000/- | റോബർട്ട് രാജ് | സ്വാതന്ത്ര്യ ദിനാഘോഷത്തിന് അനുവദിച്ച മുൻകൂർ |
| 15 | vr.no.76/8-17 ch.no.289173 dtd.10.8.17. 25000/- | ശ്രീമതി.ജയശ്രീ.ടി.യു. | വിവിധ വാർഡുകളിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിക്ക് നൽകിയ മുൻകൂർ |

ക്രമീകരണം ബില്ലുകൾ, കൈപ്പറ്റ് രശീത് എന്നിവ ഹാജരാക്കേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് 401565/- തുക തടസ്സപ്പെടുത്തുന്നു.

## 3-13 കൈപ്പറ്റ് രശീത്; ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല – ചെലവ് തുക 618265/- തടസ്സപ്പെടുത്തുന്നു.

തനത്ഫണ്ട് പരിശോധനയുമായി ബന്ധപ്പെട്ട് താഴെപറയുന്ന വൗച്ചറുകളോടൊപ്പം കൈപറ്റ് രശീത്, ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നമ്പർ, ചെക്ക് നമ്പർ, തിയതി,ഉക | തുക നൽകിയിട്ടുള്ളത് | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1. | vr.no.110/5-17. ch.no.2345920. dtd.24.5.17. 345600/- | ഹെൽത്ത് സൂപ്പർവൈസർ | നഗരസഭയിലെ 36 വാർഡുകളിലെ കാനകൾ വൃത്തിയാക്കുന്നതിന് അനുവദിച്ചത്. |
| 2 | vr.no.12/6-17. ch.no.31139 dtd.1.6.17 11881/- | നന്ദകുമാർ കെ.കെ. | ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരുടെ മേശകളിൽ ഗ്ലാസ് വാങ്ങിയതിന് ചെലവഴിച്ചത്. |
| 3 | vr.no.13/6-17. ch.no. 31139. dtd.1.6.17. 2500/- | ശ്രീകുമാരി | വി.ആർ പുരം കമ്മ്യൂണിറ്റി ഹാളിന്റെ ജനറേറ്റർ പ്രവർത്തിക്കുന്നതിന് 35 ലിറ്റർ ഡീസൽ ജഗ്ഗ് എന്നിവ വാങ്ങുന്നതിന് അനുവദിച്ചത്. |
| 4 | 114/6-17. ch.no.31220. Dtd.22.6.17. 180000/- | വാർഡ് കൗൺസിലർമാർ | ഹരിതകേരളം മിഷന്റെ ആദ്യഘട്ട പരിപാടികളുടെ സംഘാടനത്തിനും പ്രചാരണത്തിനും അനുവദിച്ചത്. |
| 5 | vr.no.38/7-17. ch.no. 36266 dtd.10.7.17. 13284/ | മെമ്പർ സെക്രട്ടറി, സിഡി.എസ്. | 4428 പെൻഷൻ ഗുണഭോക്താക്കളുടെ ഡാറ്റ എൻട്രി നടത്തിയതിന് അനുവദിച്ചത്. |
| 6 | vr.no.40/7-17. ch.no. 031267 dtd.10.7.17. 15000/- | പ്രൊപ്രൈറ്റർ, കേബിൾ വിഷൻ, ചാലക്കുടി. | ജനകീയാസൂത്രണം രണ്ടാം ഘട്ടം തൃശ്ശൂരിൽ നടന്ന പ്രദർശനത്തോടനുബന്ധിച്ച് നഗര സഭയുടെ പ്രദർശന സ്റ്റാൾ ഒരുക്കിയത്. |
| 7. | vr.no.160/8-17. ch.no. 289209 dtd.31.8.17 50000/- | ശ്രീ.ജയിംസ് | കുടിവെള്ള വിതരണം ചെയ്തതിന് അനുവദിച്ച തുക. |

ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 618265 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-14 വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ -മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത കാര്യത്തിന് തുക ചെലവഴിച്ചു.

പ്രധാന അദ്ധ്യാപിക, ജി.വി.ജി.എച്ച്.എസ്.എസ് ചാലക്കുടി, പ്രധാന അദ്ധ്യാപിക, ജി.ജി.എച്ച്.എസ്. ചാലക്കുടി എന്നിവർ നടപ്പാക്കിയ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്ന പദ്ധതിയിൽ സ്കൂളുകളുടെ വാഹനങ്ങൾക്ക് ഇന്ധനം നിറക്കൽ, ഡ്രൈവർക്ക് വേതനം നൽകൽ, സ്പെയർപാർട്ട്സ് വാങ്ങൽ, വാഹന ഇൻഷൂറൻസ് അടവാക്കൽ എന്നിവയ്ക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്. ജി.ഒ.(എം.എസ്) നമ്പർ 80/2017/ തസ്വഭവ, തീയതി.3.4.2017, ജി.ഒ.(എം.എസ്)നം.72/2017/തസ്വഭവ തി.29.3.2017 എന്നീ ഉത്തരവുകളിൽ ഒന്നും ഇത്തരത്തിൽ തുക ചെലവഴിക്കാൻ അനുമതി നൽകുന്നില്ല. മേൽ പ്രോജക്ടിന്റെ അപാകതകൾ താഴെ കൊടുക്കുന്നു.

എ.) പ്രോജക്ട് നം. -s0295/18

നിർവ്വഹണ ഉദ്യോഗസ്ഥ -ഹെഡ്മിസ്ട്രസ്, ജി.വി.എച്ച്.എസ്.എസ്, ചാലക്കുടി.

അടങ്കൽ - 500000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ട്രഷറി ബിൽ നം.2/2017-18. dtd.6.1.18. 447470/-

ട്രഷറി ബിൽ നം.3/2017-18. dtd.20.2.18. 52530/-
വണ്ടി നമ്പർ – KL-64 D541

ട്രഷറി ബിൽ നമ്പർ 2 പ്രകാരം കെൽട്രോണിൽ നിന്നും 9 ഡെസ്ക്ക് ടോപ്പ് വാങ്ങിയതിന് 223470/- ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ള 224000/- രൂപയും ട്രഷറി ബിൽ 3 പ്രകാരമുള്ള 52530/- രൂപയും ഉൾപ്പെടെ മൊത്തം 276530/- രൂപ വാഹനത്തിന്റെ ഇന്ധനം നിറച്ചതിനും, ഡ്രൈവറുടെ വേതനം നൽകിയതിനും, വാഹനത്തിന്റെ അറ്റകുറ്റപണി, സ്പെയർ പാർട്ട്സ് വാങ്ങൽ, വാഹനത്തിന്റെ ഇൻഷൂറൻസ് അടവാക്കൽ എന്നിവയ്ക്കുമായി ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ, പദ്ധതി മാർഗ്ഗ രേഖ എന്നിവ ഇത്തരത്തിൽ ചെലവ് ചെയ്യുന്നതിന് അനുമതി നൽകുന്നില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 19/ 20.05.19)

ബി.) പ്രോജക്ട് നം. -S0298/18.

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്, ജി.ജി.എച്ച്.എസ്. ചാലക്കുടി.

അടങ്കൽ 500000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) വണ്ടി നമ്പർ – KL 45.D -3336

ട്രഷറി ബിൽ നം. 1/2017-18.dtd.19.10.17. 119548/- " – KL 64 E -4017

ട്രഷറി ബിൽ നം.2/2017-18.dtd.6.1.18. 75310/-

ട്രഷറി ബിൽ നം.4/2017-18.dtd.20.2.18. 88760/-

ട്രഷറി ബിൽ നം.5/2017-18.dtd.22.3.18. 216382/-

മുകളിൽ കാണിച്ചിരിക്കുന്ന ട്രഷറി ബില്ലുകൾ വഴി പിൻവലിച്ച 500000/- രൂപയിൽ റിയ ഫർണിച്ചർ എന്ന സ്ഥാപനത്തിന് AVക്യാബിനറ്റ് സ്ഥാപിച്ചതിന് 29400/- രൂപയും,പ്രിന്റർ, യു.പി.എസ് എന്നിവ വാങ്ങിയതിന് 12800/-രൂപ പി.സി ലിങ്ക്സ് എന്ന സ്ഥാപനത്തിന് നൽകിയതുൾപ്പെടെ മൊത്തം 42200/-രൂപ ഒഴികെയുള്ള തുക457800/- രൂപ വാഹനത്തിന് ഇന്ധനം നിറച്ചതിനും, വാഹനത്തിന്റെ അറ്റകുറ്റപണി, സ്പെയർപാർട്ട്സ് വാങ്ങൽ വാഹനത്തിന്റെ ഇൻഷ്വറൻസ് അടവാക്കൽ എന്നിവയ്ക്കാണ് ചെലവഴിച്ചിട്ടുള്ളത്. ഇന്ധനം അടിച്ചതിന്റെ ബില്ലുകളിൽ സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തുന്നില്ല. ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ ലോഗ്ബുക്ക് പ്രളയത്തിൽ തിരിച്ച് കിട്ടാനാവാത്ത വിധം നഷ്ടപ്പെട്ടു എന്നറിയിച്ചിട്ടുണ്ട്.

വാഹനത്തിന്റെ ഇന്ധനം നിറച്ചതിനും, വാഹനത്തിന്റെ അറ്റകുറ്റപണി, സ്പെയർ പാർട്ട്സ് വാങ്ങൽ, വാഹനത്തിന്റെ ഇൻഷ്വറൻസ് അടവാക്കൽ എന്നിവയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ, പദ്ധതി മാർഗ്ഗ രേഖ എന്നിവയിൽ ഇത്തരത്തിൽ ചെലവ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടില്ല. സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയതിന് ശേഷം മാത്രമെ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കാവൂ. സർക്കാരിന്റെ അനുമതി ഹാജരാക്കേണ്ടതാണ്. ചെലവ് തുക 734100/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (എച്ച്.എം. ജി.വി.എച്ച്.എസ്.എസ്. = 276300/-,എച്ച്.എം.ജി.ജി.എച്ച്.എസ്. = 457800/-) (ഓഡിറ്റ് എൻക്വയറി നമ്പർ 19/ 20/5/19)

# 3-15 വിജയോത്സവം - പ്രോജക്ട് രൂപികരിക്കാതെ തനത് ഫണ്ടിൽ നിന്നും വൻതുക ചെലവഴിച്ചു.

ഫയൽ നം.H2-10230/17

ജി.ഒ.(എം.എസ്)79/2017/തസ്വഭവ.തി.03.04.2017. ഖണ്ഡിക 11.1-3 പ്രകാരം വിഭവ സമാഹരണവും വകയിരുത്തലും സംബന്ധിച്ച അധിക നിർദ്ദേശങ്ങൾ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തനത്ഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ വച്ച ശേഷം മിച്ചമുള്ള തുകയാണ് തനത്ഫണ്ട് എന്ന സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. എന്നിരുന്നാലും തനത്ഫണ്ടിൽ നിന്നും അനിവാര്യ ചെലവുകൾ കഴിച്ച് ബാക്കിയുള്ള തുകയുടെ പരമാവധി 25 ശതമാനം പദ്ധതിയിൽ ഉൾപ്പെടുത്താതെ, എന്നാൽ നടപടി ക്രമങ്ങൾ പാലിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾക്ക് വിനിയോഗിക്കാവുന്നതാണ്. എന്നാൽ മേൽ ഉത്തരവിന് വിപരീതമായി പ്രോജക്ട് വെയ്ക്കാതെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടാത്ത വിജയോൽസവം എന്ന പദ്ധതിക്കായി തനത്ഫണ്ടിൽ നിന്നും 105543/- ചെലവഴിച്ചിട്ടുണ്ട്. മേൽ ചെലവുകൾ നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ചെലവുകൾ സംബന്ധിച്ച രേഖകൾ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. വിജയോത്സവം എന്താണെന്നോ അതിൽ പങ്കെടുത്തവരുടെ പേര് വിവരങ്ങൾ, സമ്മാനങ്ങൾ സ്വീകരിച്ചവരുടെ കൈപ്പറ്റ് രശീത് എന്നിവ ഒന്നും തന്നെ ബന്ധപ്പെട്ട വൗച്ചറുകളോടൊപ്പമോ, ഫയലിലോ സൂക്ഷിച്ചിട്ടില്ല. ചെലവുകൾ മുഖ്യമായും നടത്തിയിട്ടുള്ളത് കസേര, മേശ, പന്തൽ എന്നിവ വാടകക്കെടുത്തതിന്, ഭക്ഷണം വിതരണം ചെയ്തതിന്, റിഫ്രഷ്മെന്റ് ചാർജ്, മെമന്റോ വാങ്ങിയതിന്, നോട്ടിസ് അച്ചടിച്ച് വിതരണം ചെയ്തതിന് എന്നിങ്ങനെയാണ്. അസാധാരണ ചെലവ് രജിസ്റ്ററിൽ മേൽ ചെലവുകൾ രേഖപ്പെടുത്തിയിട്ടില്ല.

മുകളിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ ചെലവ് തുക 105543/- രൂപ തടസ്സപ്പെടുത്തുന്നു.

| വൗച്ചർ നം., ചെക്ക് നം., തീയതി. | തുക |
|---|---|
| vr.no.124/10-17.ch.no.289351, Dtd.30.10.17 | 5150/- |
| vr.no.125/10-17.ch.no.289351, Dtd.30.10.17 | 15300/- |
| vr.no.126/10-17.ch.no.289352, Dtd.30/10/17 | 12500/- |
| vr.no.127/10-17.ch.no.289353, Dtd.30.10.17 | 23553/- |
| vr.no.128/10-17. ch.no.289377, Dtd.30.10.17 | 31600/- |
| vr.no.129/10-17. ch.no. 289355, Dtd.30.10.17 | 17090/- |
| vr.no.130/10-17.ch.no.289356, Dtd.30.10.17 | 350/- |

കണ്ടിജന്റ് ബില്ലിനോടൊപ്പം സാംഖ്യ വൗച്ചറുകൾ സൂക്ഷിക്കുന്നില്ല. ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്.

# 3-16 മരാമത്ത് പണികളുടെ നിർവ്വഹണം

2017-18 സാമ്പത്തികവർഷം നഗരസഭാ എഞ്ചിനീയറും അസിസ്റ്റന്റ് എഞ്ചിനീയറും നിർവഹണോദ്യോഗസ്ഥരായി നടത്തിയ മരാമത്ത് പണികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

a) നഗരസഭാ എൻജിനീയർ

| ആകെ പ്രൊജക്ടുകൾ | തുക ചെലവഴിച്ച പ്രൊജക്ടുകൾ | ശതമാനം |
|---|---|---|
| 126 | 91 | 72.22 |

| ആകെ അടങ്കൽ | ചെലവാക്കിയ തുക | ശതമാനം |
|---|---|---|
| 111813317 | 47662078 | 42.68 |

b) അസി.എൻജിനീയർ

| ആകെ പ്രൊജക്ടുകൾ | തുക ചെലവഴിച്ച പ്രൊജക്ടുകൾ | ശതമാനം |
|---|---|---|
| 118 | 31 | 26.27 |

| ആകെ അടങ്കൽ | ചെലവാക്കിയ തുക | ശതമാനം |
|---|---|---|
| 66440810 | 16154460 | 24.31 |

ഏറ്റെടുക്കുന്ന പ്രൊജക്ടുകളെല്ലാം സമയബന്ധിതമായി നിർവ്വഹിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തുന്നില്ലായെന്ന് മേൽപറഞ്ഞ കണക്കുകൾ സൂചിപ്പിക്കുന്നു. റോഡ് അറ്റകുറ്റപണികൾ പോലെയുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തപക്ഷം ആയതിൽ കൂടുതൽ തകരാറുകൾ സംഭവിക്കാനും, കുറ്റമറ്റ രീതിയിലുള്ള നിർവഹണം നടത്തുവാൻ സാധിക്കാതിരിക്കാനും സാധ്യതയുണ്ട്. ആയതിനാൽ ഏറ്റെടുക്കുന്ന പ്രൊജക്ടുകളുടെ നിർഹണത്തിന് അടിയന്തിരപ്രാധാന്യം നൽകേണ്ടതും ആയവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതുമാണ്.

# 3-17 മരാമത്ത് പണികളുടെ നിർവഹണത്തിലെ അപാകതകൾ

നഗരസഭയിൽ മരാമത്ത് പണികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് മരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി, മരാമത്ത് വർക്കിങ് ഗ്രൂപ്പ് എന്നിവയുടെ മിനിറ്റ്സ് പരിശോധിച്ചതിന്മേലുള്ള അപാകതകൾ ചുവടെ കൊടുക്കുന്നു.

1.വർക്കിങ് ഗ്രൂപ്പിൽ ചർച്ച ചെയ്യുന്ന പ്രൊജക്റ്റ് സംബന്ധമായ വിഷയങ്ങൾ മരാമത്ത് സ്റ്റാന്റിങ് കമ്മിറ്റിയുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയതായി കണ്ടില്ല.

2.വർക്കിങ് ഗ്രൂപ്പുകൾ മോണിറ്ററിങ് കമ്മിറ്റികളായി പ്രവർത്തിച്ച കാര്യം മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഒരു പ്രൊജക്റ്റിലും മോണിറ്ററിങ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

3.പ്രൊജക്റ്റ് നം 384/18, സിത്താരനഗറിലെ നാലു വീടുകളുടെ പൂർത്തീകരണം സംബന്ധിച്ച പ്രൊജക്റ്റ് ഫയലിൽ ഈ പ്രൊജക്റ്റിന് ശുപാർശ ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത് 29/7/17 4-ാം നം തീരുമാനമാണ്. പ്രസ്തുത മിനിറ്റ്സ് പരിശോധിച്ചപ്പോൾ അത്തരത്തിലുള്ള അജണ്ടയോ തീരുമാനമോ രേഖപ്പെടുത്തിയതായി കണ്ടില്ല. ഇതിന്റെ അടങ്കൽ 8,54,000/- രൂപയാണ്. പ്രൊജക്റ്റ് ഫോറത്തിൽ ഭരണാനുമതി തീരുമാനമായി രേഖപ്പെടുത്തിയിട്ടുള്ളത് 31/7/17 9-ാം നം എന്നാണ്. പക്ഷെ ഈ പ്രൊജക്റ്റ് അംഗീകാരം സംബന്ധിച്ച വിവരങ്ങൾ പ്രസ്തുത തീരുമാനത്തിൽ രേഖപ്പെടുത്തിയിരുന്നില്ല. സമാനമായ വിഷയം ക്രിമിറ്റോറിയം ചർച്ച് ലിങ്ക് റോഡ്, അടങ്കൽ 18,25,000/- രൂപ, മരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി തീരുമാനമായി രേഖപ്പെടുത്തിയത് 14/12/16 1-ാം നം എന്നാണ്. പക്ഷെ മരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി മിനിറ്റ്സിൽ അത്തരം തീരുമാനമെടുത്തതായി രേഖപ്പെടുത്തിയിട്ടില്ല.

4.പല തീയതികളിലും മരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ മിനിറ്റ്സ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാ:

23/5/17, 12/2/17, 22/2/18 എന്നീ ദിവസങ്ങളിലെ മിനിറ്റ്സ് മരാമത്ത് സ്റ്റാന്റിങ് കമ്മിറ്റിചെയർമാൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച് 21/5/19 21-ാം നം. ആയി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി നൽകിയില്ല.

മിനിറ്റ്സുകൾ ആധികാരികമായും കുറ്റമറ്റ രീതിയിലും പരിപാലിക്കേണ്ടതാണ്.

# 3-18 ക്രിമറ്റോറിയം ചർച്ച് ലിങ്ക് റോഡ് നിർമാണം -അന്തിമബിൽ സൂക്ഷ്മപരിശോധന സാക്ഷ്യപ്പെടുത്താതെ തുക അനുവദിച്ചു.

19/6/17ന് പ്രവൃത്തി പൂർത്തിയായ ഈ പണിയുടെ അന്തിമബിൽ സൂക്ഷ്മപരിശോധന നടത്തിയ നിർവഹണോദ്യോഗസ്ഥനായ നഗരസഭാ എഞ്ചിനീയർ സാക്ഷ്യപ്പെടുത്താതെയാണ് 61/29/6/17നം. ട്രഷറി ബിൽ പ്രകാരം 17,77,892/- രൂപ മാറി കരാറുകാരന് തുക അനുവദിച്ചത്. ഇപ്രകാരം തുക പിൻവലിച്ച് കരാറുകാരന് നൽകിയത് ആധികാരികമായ നടപടിയല്ല, മാത്രമല്ല കരാറുകാരൻ ചെയ്ത പ്രവൃത്തികളുടെ അളവുകൾ അംഗീകരിച്ചിട്ടുമില്ലായിരുന്നു.

അനുബന്ധ വിവരങ്ങൾ

പ്രൊജക്റ്റ് നം.369/18, അടങ്കൽ-18,25,000/- (ലോകബാങ്ക് ധനസഹായം)

കരാറുകാരൻ-കെ.ടി.ബൈജു

കരാർ-78/16-17/31/3/17, അളവുപുസ്തകം 150/16-17

ഈ അപാകത സംബന്ധിച്ച് 12/14/5/19 പ്രകാരം ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും ആയതിന് മറുപടി നലകിയില്ല.

ആധികാരികമല്ലാത്ത രീതിയിൽ രേഖകൾ കൈകാര്യം ചെയ്യുന്നരീതി നിരുത്സാഹപ്പെടുത്തേണ്ടതാണ്.

# 3-19 സിത്താരനഗർ കമ്മ്യൂണിറ്റിഹാൾ നിർമാണം-നിർമാണസാമഗ്രികളുടെ പരിശോധന നടത്തിയിട്ടില്ല.

39,16,161/- രൂപ അടങ്കലുള്ള പ്രസ്തുത നിർമാണവുമായി ബന്ധപ്പെട്ട് നിർമാണ സാമഗ്രികളുടെ അളവുപരിശോധന നടത്തുവാനാവശ്യപ്പെട്ടുകൊണ്ട് തൃശ്ശൂർ എഞ്ചിനീയറിങ് കോളേജിലെ സിവിൽ എഞ്ചിനീയറിങ് വിഭാഗം അസി.എഞ്ചിനീയർക്ക് 4/3/16ന് കത്തയക്കുകയും ആയത് സ്വന്തം ചെലവിൽ ചെയ്യണമെന്നുള്ള നോട്ടീസ് 4/8/16 ന് കരാറുകാരനായ ടി.ടി.ദിലീപ്കുമാർ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. പക്ഷെ നിർമാണസാമഗ്രികളായ സോളിഡ് ബ്ളോക്ക്, സിമന്റ്, കോൺക്രീറ്റ്, ഉരുക്കുകമ്പികൾ എന്നിവ പരിശോധിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായിട്ടില്ല.

കരാറുകാരൻ നോട്ടീസ് കൈപ്പറ്റുന്നതിന് മുമ്പേതന്നെ താഴെ കൊടുക്കുന്ന പ്രവൃത്തികളുടെ അളവുകൾ 14/16-17 നം. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ഇനം | പ്രവൃത്തി | അളവെടുത്ത തീയതി |
|---|---|---|
| 10 | ആർ.സി.സി പ്രവൃത്തി – ഉരുക്കുകമ്പി – 1095.42 kg | 24/5/16 |
| 16 | „ 949.65 kg | 7/6/16 |
| എക്സ്ട്രാ ഇനം5 | „ $4.32m^3$ | 14/6/16 |
| 16 | „ ഉരുക്കുകമ്പി – 672.37 kg | 23/6/16 |
| 17 | സോളിഡ് ബ്ളോക്ക് പ്രവൃത്തി $18.71m^3$ | „ |
| 15 | ആർ.സി.സി. പ്രവൃത്തി – $7.59m^3$ | 8/7/16 |
| 17 | സോളിഡ് ബ്ളോക്ക് പ്രവൃത്തി – $12.12m^3$ | 15/7/16 |
| 16 | ആർ.സി.സി. പ്രവൃത്തി – $1307.47m^3$ | 20/7/16 |

നിർമ്മാണത്തിനുപയോഗിച്ച സാധനസാമഗ്രികളുടെ പരിശോധന നടത്തൽ സംബന്ധിച്ചുള്ള ആധികാരികത ഉറപ്പുവരുത്താതെ പ്രവൃത്തികൾ നടത്തിയതും അളവുകളെടുത്തതും ശരിയായ നടപടിയല്ല.

അനുബന്ധവിവരങ്ങൾ

കരാർ – 44/15 – 16/4/3/16, അളവുപുസ്തകം – 21/16-17, 14/16-17, 62/16-17

ബിൽ നം. – 68/30/10/17, 1670263/- രൂപ

നിർവഹണം – നഗരസഭാ എഞ്ചിനീയർ

മേൽപറഞ്ഞ അപാകതകൾ സംബന്ധിച്ച് 23/21/05/19ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

രേഖകൾ ആധികാരികമാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

# 3-20 അംഗൻവാടി ചോർച്ച പരിഹരിക്കേണ്ടതാണ്

17/5/19ന് നഗരസഭയിലെ മൂന്നാം വാർഡിലെ നവോദയ അങ്കണവാടിയിൽ സ്ഥലപരിശോധന നടത്തിയപ്പോൾ, ഭക്ഷണം പാകം ചെയ്യുന്ന ഭാഗത്ത് കോൺക്രീറ്റ് പൊളിഞ്ഞതിനാൽ ചോർച്ച ഉള്ളതായി വർക്കർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. കോസ്റ്റ്ഫോർഡ് പണിത ഈ കെട്ടിടം 8/2/2002നാണ് ഉദ്ഘാടനം കഴിഞ്ഞത്. കെട്ടിടത്തിന് മുകളിലേക്ക് കയറുവാനുള്ള കോണിയും ഇല്ല.

അങ്കണവാടിയുടെ അപര്യാപ്തതകൾ എത്രയും വേഗം പരിഹരിക്കുന്നതിനുള്ള സത്വരനടപടികൾ കൈക്കൊള്ളുന്നതോടൊപ്പം ഇത്തരം തകരാറുകൾ യഥാകാലം പരിശോധിക്കുവാനും കണ്ടെത്തുവാനും ഉള്ള ക്രമീകരണങ്ങൾ നഗരസഭ വരുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയത് കാര്യക്ഷമമാണോ എന്നീ കാര്യങ്ങൾ വിലയിരുത്തേണ്ടതുമാണ്.

# 3-21 ധനകാര്യകമ്മീഷൻ ഗ്രാന്റ്-മാർഗരേഖക്ക് വിരുദ്ധമായ ചെലവുകൾ

GO(MS)4/16/LSGD/11/1/16 നമ്പർ ഉത്തരവിൽ ധനകാര്യകമ്മീഷൻഗ്രാന്റ് ഉപയോഗിക്കുന്നതിനെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ജലവിതരണം, ശുചിത്വം, കമ്മ്യൂണിറ്റി ആസ്തി, റോഡ് നടപ്പാത, തെരുവ് വിളക്ക്, ഡ്രെയിനേജ്, ഖരമാലിന്യസംരക്ഷണം എന്നീ പദ്ധതികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമാണ് ഗ്രാന്റ് ഉപയോഗിക്കേണ്ടത്. എന്നാൽ നഗരസഭാ എൻജിനീയർ നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾക്ക് പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് | പദ്ധതി | ബിൽ നമ്പർ | തുക |
|---|---|---|---|---|
| 1 | കസ്തൂർബ കേന്ദ്രത്തിൽ നവ വ്യവസായ യൂണിറ്റ് | 79/18 | 59/29/7/17 | 296297 |
| 2 | ടൗൺ ഹാൾ ഷോപ്പിങ് കോംപ്ലക്സ് കെട്ടിടം അറ്റകുറ്റപ്പണി | 135/18 | 106/8/3/18 | 638139 |
| 3 | ടൗൺ ഹാൾ അടിസ്ഥാന സൗകര്യ വികസനം | 142/18 | 63/19/10/17 | 1500000 |
| 4 | നഗരസഭാ ഓഫീസ് മുറികളുടെ നവീകരണം | 150/18 | 88/22/2/18 | 1225000 |
| 5 | സിത്താരനഗർ കമ്മ്യൂണിറ്റി സെന്റർ നിർമാണം | 371/18 | 68/31/10/17 | 1620263 |
| 6 | ഓഫീസ് നവീകരണം | 372/18 | 103/28/2/18 | 913381 |

കേന്ദ്രധനകാര്യകമ്മീഷൻ ഡിവിഷൻ പുറപ്പെടുവിച്ച മാർഗരേഖയിൽ മൂലധനച്ചെലവുകൾക്കും ഓ ആൻറ് എം ചെലവുകൾക്കും ഗ്രാന്റിന്റെ പത്തുശതമാനത്തിൽ അധികരിക്കാത്ത തുക ചെലവഴിക്കാമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ അതിനേക്കാൾ കൂടിയ തുക ഇവിടെ ചെലവാക്കിയിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റായി മൊത്തം ലഭിച്ച തുക 5,44,47,041/- രൂപ മാത്രമാണ്.

മാർഗരേഖയിൽ വിവക്ഷിക്കാത്ത കാര്യങ്ങൾക്ക് ചെലവു ചെയ്തതിന് സർക്കാരിൽ നിന്നുള്ള സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

# 3-22 മുറിച്ച് മാറ്റിയ മരങ്ങളുടെ ലേലനടപടികൾ അറിയിക്കേണ്ടതാണ്

നഗരസഭാ കൗൺസിലിന്റെ 23/3/19 ലെ മൂന്നാം നം. തീരുമാനത്തിൽ 2/10/18ൽ അറബിക്കടലിലുണ്ടായ ന്യൂനമർദം മൂലം മഴയിലും ചുഴലിക്കാറ്റിലും പെട്ട് മരങ്ങളും പാഴ്മരങ്ങളും മറിഞ്ഞുവീണതായും അപകടാവസ്ഥയിലാവുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ പൊതുമരാമത്ത് റോഡുകളിലും മുനിസിപ്പൽ പാർക്കിലും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലുമുള്ളതാണെന്നും മുറിച്ചുമാറ്റിയ മരങ്ങൾ അതതു സ്ഥലങ്ങളിൽ, കോമ്പൗണ്ടുകളിൽ നിക്ഷേപിച്ചതായും മൂല്യനിർണയത്തിനായി വനം വകുപ്പിലേക്ക് കത്തെഴുതിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. കൂലിയായി 375000 രൂപ വന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതുസംബന്ധിച്ച ഫയൽ H2-17839/15 നം. ഫയൽ പരിശോധിച്ചപ്പോൾ താഴെപറയുന്ന സ്ഥലങ്ങളിലുള്ള മരങ്ങളുടെ മൂല്യനിർണയം സംബന്ധിച്ച വിവരങ്ങൾ കൊടുക്കുന്നു.

| സ്ഥലം | മരത്തിന്റെ അളവ് | വില |
|---|---|---|
| മുനിസിപ്പൽ പാർക്ക് | 84.066 $m^3$ | 419926 |
| ഐ.ടി.ഐ. കോമ്പൗണ്ട് | 5.366 $m^3$ | 290872 |
| | | |

| | | |
|---|---|---|
| ഈസ്റ്റ് ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ട് | 5.918 $m^3$ | 412044 |

മേൽപറഞ്ഞവയുടെ മൂല്യനിർണയസാക്ഷ്യപത്രം ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ഫയൽ പരിശോധിച്ചപ്പോൾ ഗവ.വോക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ കോമ്പൗണ്ടിലെ മരങ്ങൾക്ക് 161483രൂപ വിലയിട്ടതായി കണ്ടു. മേൽപറഞ്ഞ മരങ്ങൾ ലേലം നടത്തിയതിന്റെ വിവരങ്ങൾഫയലില്ല. മൂന്ന് തവണ ലേലം നടത്തിയെങ്കിലും ഉയർന്നമൂല്യം കാരണം ആരും ലേലം കൊണ്ടില്ല എന്നാണ് ഓഡിറ്റ് സമാപന യോഗത്തിൽ ബന്ധപ്പെട്ടവർ സൂചിപ്പിച്ചത്.

മുനിസിപ്പൽ പാർക്കിൽ മരങ്ങൾ കൂട്ടിയിട്ടത് അവിടത്തെ നിർമാണപ്രവർത്തനത്തെ ബാധിക്കുന്നതാണ്. ലേലം വൈകിയാൽ മരങ്ങൾനശിച്ചുപോകാനിടയുള്ളതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി അടിയന്തിരനടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 3-23 കറവപ്പശു വിതരണപദ്ധതി -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

പ്രൊജക്റ്റ് നം.16/18, അടങ്കൽ – രണ്ടരലക്ഷം രൂപ

ബിൽ നം. – 9/14/2/18, 250000/- രൂപ

(സ.ഉ. (എം.എസ്) നം.80/17/LSGD/3/4/17) പഞ്ചായത്ത്രാജ്, നഗരപാലികാസ്ഥാപനങ്ങളുടെ സബ്സിഡി സംബന്ധിച്ചുള്ള മാർഗരേഖയിലെ 8.2 നമ്പർ നിബന്ധനയനുസരിച്ച് കറവപ്പശു വിതരണ പദ്ധതിയിൽ, യൂണിറ്റ് കോസ്റ്റ് ജില്ലാതല ഉദ്യോഗസ്ഥൻ നിശ്ചയിക്കണമെന്നും, ഗുണഭോക്താക്കൾ ഉരുക്കളെ മൂന്ന് വർഷമെങ്കിലും വളർത്തണമെന്ന കരാർ വെക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ ഈ നിബന്ധനകൾ പാലിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. താഴെകൊടുക്കുന്ന പത്ത് പേർക്കാണ് പദ്ധതി ആനുകൂല്യം ലഭിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | സുകുമാരൻ പാറക്കുളം |
| 2 | ബിജുമോൻ ഞാറേക്കാടൻ |
| 3 | ഡിൽബി ജിജിമോൾ |
| 4 | എം.എ.ഡേവിഡ്,മാനാടൻ |
| 5 | റെസി ഷാജു |
| 6 | വിജയൻ പറമ്പിക്കാടൻ |
| 7 | സേവ്യർ ഇ.ജെ .എടാട്ടുകാരൻ |
| 8 | റീത്ത ദേവസിക്കുട്ടി |
| 9 | സി.സി.മേനക |
| 10 | പി.എസ്.അശോകൻ |

ആവശ്യമായ രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 250000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-24 അയ്യൻകാളി തൊഴിലുറപ്പുപദ്ധതി

തൻവർഷം 3,16,48,000/- രൂപ അടങ്കലിൽ 866 പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും 53,21,682/- രൂപ മാത്രമാണ് പലിശ ഉൾപ്പെടെ സാമ്പത്തികവർഷം വരവു വന്നത്. ഇതിൽ 29,99,451/- രൂപ മാത്രം ചെലവഴിച്ച് 99 പദ്ധതികൾ മാത്രം പൂർത്തീകരിക്കുവാനേ തൻവർഷം കഴിഞ്ഞുള്ളു.

ആവിഷ്കരിക്കുന്ന പരമാവധി പദ്ധതികൾക്ക് ഫണ്ട് ലഭ്യമാക്കുവാനും പൂർത്തീകരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 3,00,000 | - | 3,00,000 |
| KWA | എസ്.സി.കോളനികളിൽ കുടിവെള്ള പൈപ്പ് നീട്ടൽ | 6,00,000 | - | 6,00,000 |
| KWA | ഗവ.ഹോസ്പിറ്റൽ റിംഗ് റോഡ് കുടിവെള്ളപൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 18,20,000 | 15,20,000 | 300000 |
| KWA | 52 കോളനി കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 1,20,000 | - | 1,20,000 |
| KWA | വാർഡ് 22 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 50,000 | - | 50,000 |
| KWA | വാർഡ് 11 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1,00,000 | - | 1,00,000 |
| PWD ഇലക്ട്രിക്കൽ വിംഗ് | താലൂക്ക് ആശുപത്രി സി.ടി.സ്കാൻ പ്രവർത്തനക്ഷമമാക്കുന്നതിന് ഇലക്ട്രിഫിക്കേഷൻ | 8,00,000 | - | 8,00,000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | KURDFC റോഡ് നിർമ്മാണം | KURDFC/B/02 dt.04.09.14 | 2250000 | 157884 | 157884 | 4330 | 0 |
| 2 | ഇൻഡോർ സ്റ്റേഡിയം ലാൻഡ് അക്വിസിഷൻ | TDC Bank | 25000000 | 4880093 | 4880093 | 625586 | 0 |
| 3 | പോട്ട മിനി മാർക്കറ്റ് | ചാലക്കുടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 25000000 | 13208376 | 13208576 | 1048967 | 0 |
| 4 | IDSMT | GO(Rt)3847/96/LAD dt.18.10.96 (സ്റ്റേറ്റ് ഗവ. ലോൺ) | 2500000 | 625000 | 125000 | 1050000 | 500000 |

# 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 608957 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 608957 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 608957 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.</u>

| നിക്ഷേപത്തിന്റെ വിവരം | |
|---|---|
| State Government securities | 1257 |
| Equity Shares | 607700 |
| ആകെ | 608957 |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | | 2014-15 | 2.1 | ഓഡിറ്റ് റിപ്പോർട്ടുകൾ ഭരണ സമിതിയിൽ ചർച്ചക്ക് വിധേയമാകുന്നില്ല. | 2016-17 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ ഭരണ സമിതിയിൽ ചർച്ചക്ക് വിധേയമായിട്ടുണ്ട്. |
| 2012-13 | | 2014-15 | 2.2 | ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രാഥമിക മറുപടി | 2016-17 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾക്ക് പ്രാഥമിക മറുപടി അയച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | സമർപ്പിക്കുന്നതിൽ വീഴ്ച | |
| | | 2015-16 | 4.2.2 | ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് പ്രാധാന്യം നൽകിയില്ല. | പ്രചാരണത്തിന് പ്രാധാന്യം നൽകുന്നുണ്ട്. |
| 2015-16 | 3.19 | 2016-17 | 4.5.1(111) | ചാലക്കുടി നഗരസഭ ബസ് സ്റ്റാന്റ് 02.03.2018-ൽ ഉദ്ഘാടനം നടത്തിയെങ്കിലും പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കാൻ സാധിച്ചിട്ടില്ല. | 05.06.18-ൽ ആർ.ടി.എ. കമ്മിറ്റി കൂടുകയും നോർത്ത് ബസ് സ്റ്റാന്റ് സ്ഥല പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. അനുബന്ധ സൗകര്യങ്ങൾ തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| 14-15 | 3.24 | 2016-17 | 8.1 | പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ ചാലക്കുടി നഗരസഭക്ക് 83.44 ലക്ഷം രൂപ ലഭിക്കാനുണ്ട്. | പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ 31.03.2017 വരെ കുടിശ്ശിക ഇല്ലെന്നും തുകയായ 27402008 രൂപയുടെ 30% ആയ 8220802/- രൂപ 08.03.2018-ലും കുടിശ്ശികയായ തുകയുടെ 6% ആയ 14272386 രൂപ 16.02.19-ലും ലഭ്യമായിട്ടുണ്ട്. |

# 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

__(എ) സംക്ഷിപ്ത വിവരം__

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 30,12,74,827.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29,09,49,913.18 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,62,53,420 |

__ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം__

ഇല്ല

__(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക__

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,50,000 | ഹെൽത്ത് ഓഫീസർ, ശ്രീമതി.ദീതാ കുമാരി.സി.എസ് |
| 3-3 | 57,848 | ഹെൽത്ത് ഓഫീസർ, ശ്രീമതി.ദീതാ കുമാരി.സി.എസ് |
| | | |

| | | |
|---|---|---|
| 3-4 | 21,09,291 | സെക്രട്ടറി, ശ്രീ.ടോബി തോമസ് |
| 3-5 | 4,15,48,578 | സെക്രട്ടറി, ശ്രീ.ടോബി തോമസ് |
| 3-7 | 2,78,000 | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ശ്രീമതി.ഷേർളി.എം.പി. |
| 3-12 | 4,01,565 | സെക്രട്ടറി, ശ്രീ.ടോബി തോമസ് |
| 3-13 | 6,18,265 | സെക്രട്ടറി, ശ്രീ.ടോബി തോമസ് |
| 3-14 (എ) | 2,76,530 | എച്ച്.എം., ജി.വി.എച്ച്.എസ്.എസ്, ശ്രീമതി.പങ്കജവല്ലി |
| 3-14 (ബി) | 4,57,800 | എച്ച്.എം.ജി.ജി.എച്ച്.എസ്, ശ്രീമതി.ശാലിനി |
| 3-15 | 105543 | സെക്രട്ടറി, ശ്രീ.ടോബി തോമസ് |
| 3-23 | 250000 | ഡോ.ജോഷ് കുമാർ.പി.സി. |
| ആകെ | 4,62,53,420/- | |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

**ഇല്ല**

# 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1975-76 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1976-77 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1977-78 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1978-79 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1979-80 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1980-81 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1981-82 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1982-83 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1983-84 | എൽ.എഫ്.ടി.4-646/89/08-08-89 |
| 1984-85 | എൽ.എഫ്.ടി.4-1551/90/26-06-91 |
| 1985-86 | എൽ.എഫ്.ടി.4-332/93/15-10-93 |
| 1986-87 | എൽ.എഫ്.ടി.4-1431/93/18-10-94 |
| 1987-88 | എൽ.എഫ്.ടി.4-863/95/05-02-96 |
| 1988-89 | എൽ.എഫ്.ടി.4-863/98/05-02-96 |

| | |
|---|---|
| 1991-92, 1992-93 | എൽ.എഫ്.ടി.4-1163/97/01-01-98/05-02-98 |
| 1993-94 | എൽ.എഫ്.ടി.4-1330/05/23-12-05/07-04-06 |
| 1994-95, 95-96 | എൽ.എഫ്.ടി.4-1400/08/15-12-09 |
| 1996-97 | എൽ.എഫ്.ടി.4-1423/08/15-12-09 |
| 1997-98 | എൽ.എഫ്.ടി.4-1430/08/15-12-09 |
| 1996-97 (ചെലവ്) | എൽ.എഫ്.ടി.4-742/96/02-11-98 |
| 1997-98 (ചെലവ്) | എൽ.എഫ്.ടി.4-809/99/28-08-99 |
| 1998-99 (ചെലവ്) | എൽ.എഫ്.ടി.4-1136/01/01-06-02 |
| 1999-2000 (വരവ്) | എൽ.എഫ്.ടി.4-652/09/23-04-10 |
| 1999-2000(ചെലവ്) | എൽ.എഫ്.ടി.4-598/02/09-08-02 |
| 2000-01 (ചെലവ്) | എൽ.എഫ്.ടി.4-1461/04/14-12-04 |
| 2001-02 (വരവ്) | എൽ.എഫ്.ടി.4-654/09/23-04-10 |
| 2002-03 | എൽ.എഫ്.ടി.4-655/09/23-04-10/29-10-10 |
| 2003-04 | എൽ.എഫ്.ടി.4-656/09/21-06-10/13-10-10 |
| 2004-05 | എൽ.എഫ്.ടി.4-657/09/22-06-10/23-10-10 |
| 2005-06 | എൽ.എഫ്.ടി.4-859/02-11-11/09-01-12 |
| 2006-07 | എൽ.എഫ്.ടി.4-949/02-11-11/07-01-12 |
| 2008-09 | എൽ.എഫ്.ടി(എം)1905/11/30-12-11 |
| 2009-10 | എൽ.എഫ്.ടി(എം)2612/11/19-06-12 |
| 2000-01 (വരവ്) | എൽ.എഫ്.ടി.4-653/81/23-04-10 |
| 2001-02 (ചെലവ്) | എൽ.എഫ്.ടി.4-1329/05/15-01-06 |
| 2010-11 | എൽ.എഫ്.ടി(എം)2613/11/19-06-12/08-08-12 |
| 2011-12 | എൽ.എഫ്.ടി(എം)2467/12/തി.13-03-13/11-06-13 |
| 2012-13 | എൽ.എഫ്.ടി(എം)-850/14 തി09-10-14/08-12-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(എം)1272/15 തീയതി.17.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(എം)1439/16 തീയതി.8.8.16 |
| 2015-16 | കെ.എസ്. എ.ടി.എസ്.ആർ.(എം)98/2017 തീയതി.31.01.2017 |

| | |
|---|---|
| 2016-17 | കെ.എസ്. എ.ടി.എസ്.ആർ.(എം)161.5/2017 തീയതി.15.11.2017 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(എം)864/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, തൃശ്ശൂർ-20
ഫോൺ നമ്പർ – 0487 2331249
ഇ മെയിൽ -dotsr.ksad@kerala.gov.in
തീയതി.10/07/2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295(4)-ാം വകുപ്പ് ഇവ

അനുസരിച്ചും, നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ **ചാലക്കുടി നഗരസഭയുടെ 2017-18** വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ചാലക്കുടി നഗരസഭയുടെ 2017-18** വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം(AuditedAbstract) | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ജോയിന്റ് ഡയറക്ടർ,

ജില്ല ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ